തുല്യതയുള്ള ലോകം

1 മാർച്ച് 2020

കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ
കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം

വില: ₹17.00


# യുറീക്ക



ഇപ്പോൾ കൂടുതൽ സമ്മാനങ്ങളോടെ

# കാരുണ്യ
# കാരുണ്യ പ്ലസ്

ഭാഗ്യക്കുറികൾ



100%

സംസ്ഥാന ഭാഗ്യക്കുറിയുടെ ലാഭം പൂർണമായും കേരള ജനതയുടെ ആരോഗ്യ പരിരക്ഷയ്ക്ക്

## കാരുണ്യ

എല്ലാ ശനിയാഴ്ചയും

**ഒന്നാം സമ്മാനം**

**₹1 കോടി**

COMMON TO ALL SERIES

₹10 ലക്ഷം രണ്ടാം സമ്മാനം
COMMON TO ALL SERIES

₹10 ലക്ഷം മൂന്നാം സമ്മാനം
ഒരു ലക്ഷം വീതം 10 പേർക്ക്

ടിക്കറ്റ് വില ₹50

കൂടാതെ 5000,2000,1000,500,100 രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

## കാരുണ്യ പ്ലസ്

എല്ലാ വ്യാഴാഴ്ചയും

**ഒന്നാം സമ്മാനം**

**₹70 ലക്ഷം**

COMMON TO ALL SERIES

₹5 ലക്ഷം രണ്ടാം സമ്മാനം
COMMON TO ALL SERIES

₹12 ലക്ഷം മൂന്നാം സമ്മാനം
ഒരു ലക്ഷം വീതം 12 പേർക്ക്

ടിക്കറ്റ് വില ₹30

കൂടാതെ 5000,1000,500,100 രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

കേരള സംസ്ഥാന ഭാഗ്യക്കുറി വിശ്വസ്തം....സുതാര്യം...ജനകീയം

2020
മാർച്ച് 1
വാല്യം: 41
ലക്കം: 19

സന്ദർശിക്കുക :
www.eurekafortnightly.com
www.facebook.com/EurekaFortnightly

# യുറീക്ക

കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക

1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

ഓൺലൈനിൽ വായിക്കാൻ
www.magzter.com
www.readwhere.com

കത്തുകളും രചനകളും അയയ്ക്കേണ്ട
വിലാസം: എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട് – 673 002.
e-mail: eurekakssp@gmail.com

അറിവ് ആഹ്ലാദമാക്കിയ അമ്പത് വർഷങ്ങൾ

## ലേഖനങ്ങൾ

6. തുല്യതയുള്ള ലോകം മെച്ചപ്പെട്ട ലോകം : എൻ.ശാന്തകുമാരി

14. കകാഷികളുടെ താഴ്വര : പി.കെ.സുധി

20. ഫോക്‌ലോർ എന്നാൽ : ഉത്തരംകോട് ശശി

26. പറക്കുംതളിക : ശിവപ്രസാദ് പാലോട്

## മത്സരം

12. കുടുംബസംഗീതമേള : പി.രാധാകൃഷ്ണൻ ആലുവീട്ടിൽ

## പരീക്ഷണശാല

16. ന്യൂട്ടന്റെ തൊട്ടിൽ : സുരേന്ദ്രൻ ചെത്തുകടവ്

## ഓർമ – യുറീക്ക @ 50

28. ഉമഞ്ഞിന്റെ കണ്ണുനീർ : പ്രമോദ് ഉുത്തല്ലൂർ


## കഥ

8. തുമ്പിയുടെ സങ്കടം മായ്ച്ച മഴവില്ല് : അരുൺപ്രസാദ്

10. കുതിരപ്പുറത്തെ രാജകുമാരി : എം.ഗീതാഞ്ജലി

18. വിളക്ക് : റഫീക്ക് പൂനത്ത്

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധീകരണം




**കവിത**

11. കാറ്റിന്റെ പുസ്തകം : സത്യചന്ദ്രൻ പൊയിൽക്കാവ്

38. കിലുക്കം : സജീവൻ കല്ലാച്ചി

**നോവൽ**

34. ഭൂമിയിലെ നക്ഷത്രങ്ങൾ : പ്രേമജ ഹരീന്ദ്രൻ

**പംക്തികൾ**

22. കാഴ്ചപ്പുറം

24. ഞാറ്റടി

32. വരേം കുറീം

35. എവിടെനിന്നെന്ന് പറയാമോ?

36. പീക്കിരി.ഇൻ

42. യു–മെയിൽ

43. ഓരോരോന്നോരോന്ന്

**കവർ**

കെ. സതീഷ്



വാർഷിക വരിസംഖ്യ : 300 രൂ.
ഒറ്റപ്രതി : 17 രൂ.
ഓൺലൈനായി പണമടയ്ക്കാൻ
www.ksspublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ

**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം, കോഴിക്കോട്–673002.**
e-mail: ksspmagazine@gmail.com,
Ph: 0495 2701919.



**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ),
എം ദിവാകരൻ (മാനേജിങ് എഡിറ്റർ),
അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ് (എഡി. അസിസ്റ്റന്റ്), പ്രൊഫ.കെ.പാപ്പൂട്ടി, ജനു, ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ, ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി, പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ, എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ–ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.


# മുഖക്കുറി

ഒരു സിനിമാക്കഥയാണ്. പറയട്ടെ. കാത് കൂർപ്പിച്ചോളൂ. 24 വയസ്സുകാരിയായ മൗഡ് വാട്സ് എന്ന അലക്കു തൊഴിലാളിയാണ് നായിക. അലക്കു തൊഴിലാളി എന്ന് പറഞ്ഞാല്, വലിയ ഒരു അലക്കു കമ്പനിയിലെ തൊഴിലാളിയാണേ.

ഒരു ദിവസം കമ്പനിയിൽ നിന്ന് എൽപ്പിച്ച ഒരു പാക്കറ്റ്, ഉടമയ്ക്ക് എത്തിക്കാൻ പോവുമ്പോൾ അവൾ ഒരു വലിയ പ്രതിഷേധ ജാഥയ്ക്കിടയിൽ പെട്ടുപോയി. അങ്ങനെയാണ് സ്ത്രീകൾക്ക് വോട്ടവകാശം ലഭിക്കാൻ വേണ്ടി ഇംഗ്ലണ്ടിൽ നടക്കുന്ന പ്രക്ഷോഭങ്ങളെക്കുറിച്ച് അവൾ ആദ്യമായി അറിയുന്നത്.

ആയിടയ്ക്ക് അവൾക്ക് അവിചാരിതമായി ഒരു പരിപാടിയിൽ പങ്കെടുക്കേണ്ടി വന്നു. ഇംഗ്ലണ്ടിലെ പാർലമെന്റ് കമ്മറ്റിക്ക് മുമ്പിൽ അലക്കു കമ്പനിയിലെ തൊഴിലാളികളെ പ്രതിനിധീകരിച്ച് മൊഴി കൊടുക്കുന്നതായിരുന്നു ആ പരിപാടി. അവളുടെ സുഹൃത്തായ വയലറ്റ് എന്ന തൊഴിലാളി സ്ത്രീയായിരുന്നു മൊഴി നൽകേണ്ടിയിരുന്നത്. പക്ഷേ, വയലറ്റിന് വീട്ടിൽ നിന്ന് പ്രശ്നങ്ങളുണ്ടായി, മർദ്ദനവുമുണ്ടായി. അങ്ങനെ ഒഴിഞ്ഞുമാറാൻ പറ്റാത്ത ഒരവസ്ഥയിലാണ് മൗഡ് അവിടെ മൊഴി നൽകാൻ നിർബന്ധിതയായത്. കമ്മറ്റിയുടെ മുമ്പിൽ എന്താണ് പറയേണ്ടതെന്നു പോലും അവൾക്ക് അറിയുമായിരുന്നില്ല. സ്ത്രീകൾക്ക് വോട്ടവകാശം വേണമെന്ന് പറയുന്നതുതന്നെ വളരെ മോശപ്പെട്ട ഒരു കാര്യമായാണ് അന്ന് ഭൂരിപക്ഷം പേരും കരുതിയിരുന്നത്. രാഷ്ട്രീയവും ഭരണവുമൊക്കെ ആണുങ്ങളുടെ കാര്യമാണല്ലോ. ഈ സംഭവത്തെ തുടർന്ന് മൗഡ് ഒരു മോശം സ്ത്രീയാണെന്ന വിധത്തിലാണ് എല്ലാവരും അവളോട് പെരുമാറിയത്. ഇനി ഇങ്ങനെ ഉണ്ടാവില്ലെന്ന് അവൾ ഭർത്താവ് സോണിക്ക് ഉറപ്പു കൊടുക്കേണ്ടിവന്നു.


എങ്കിലും, തുല്യതയോടുകൂടി സ്ത്രീകൾക്കും വോട്ടവകാശം എന്ന മഹത്തായ ആശയത്തെ കൈവിടാൻ അവൾക്കാവുന്നില്ല. വളരെ രഹസ്യമായി അവൾ പ്രക്ഷോഭകരുമായി ബന്ധം തുടരുന്നു. പ്രവർത്തനങ്ങൾ അവളെ ജയിലിൽ എത്തിച്ചു. ജയിൽ മോചിതയായി വീട്ടിലെത്തിയ അവളെ ഭർത്താവ് പുറത്താക്കുകയാണ് ചെയ്യുന്നത്. മകനെ കാണാനോ ഓമനിക്കാനോ പോലും അവളെ അയാൾ അനുവദിച്ചില്ല. പക്ഷേ, മൗഡ് തോൽക്കാൻ തയ്യാറായിരു

# വെറും കഥയല്ല, പിന്നിട്ട വഴികളാണ്...

ന്നില്ല.

സ്കൂളിന്നടുത്തുവെച്ചും വീടിന്റെ ജനൽചില്ലിനിടയിലൂടെയും മകനെ കണ്ട് അവൾ തൃപ്തിയടയുന്നു. കൂടുതൽ പ്രവർത്തനങ്ങളിലേക്ക് അവൾ ആണ്ടിറങ്ങി. അതിനിടയിൽ ഫാക്ടറിയിൽ സ്ത്രീകളോട് സ്ഥിരമായി മോശമായി പെരുമാറുന്ന സൂപ്പർവൈസറെ ഇസ്തിരിപ്പെട്ടികൊണ്ട് പൊള്ളിക്കാനും അവൾ തയ്യാറായി.

പുറത്ത് പ്രക്ഷോഭം ശക്തിയാർജിക്കുകയായിരുന്നു. കൂടുതൽ സ്ത്രീകൾ രംഗത്തെത്തി. പോലീസ് പീഡനങ്ങൾ കൂടുതൽ ശക്തിപ്പെട്ടു. നിരാഹാരം പോലുള്ള സമരങ്ങളെപ്പോലും അവർ




വളരെ ശക്തമായാണ് നേരിട്ടത്. ഗത്യന്തരമില്ലാതെ പ്രക്ഷോഭകർക്ക് സഹനസമരത്തിന്റെ മാർഗത്തിൽ നിന്ന് മറ്റ വഴികളിലേക്ക് തിരിയേണ്ടി വന്നു. എന്നിട്ടും അവരുടെ ആവശ്യത്തെ ഭരണകൂടം പരിഗണിച്ചില്ല.

പ്രക്ഷോഭകർ കൂടിയാലോചിച്ചു. ഇതിലും കടുത്ത നടപടികളിലേക്ക് പോയാലേ പരിഗണന ലഭിക്കൂ. രാജാവും പരിവാരങ്ങളും പങ്കെടുക്കുന്ന കുതിരപ്പന്തയസ്ഥലത്ത് പോവാനും തങ്ങളുടെ ആവശ്യമുയർത്താനും അവരങ്ങനെയാണ് തീരുമാനത്തിലെത്തിയത്. എമിലിയും മൗഡും സ്ഥലത്ത് എത്തിയെങ്കിലും അവർക്ക് പ്രവേശനം കിട്ടിയില്ല. വളരെ സാഹസികമായി അവർ പന്തയസ്ഥലത്ത് കാണികളുടെ ഇടയിൽ കയറിപ്പറ്റി. ആയിരക്കണക്കിന് കാണികളും പോലീസും ക്യാമറകളുമെല്ലാം നോക്കിനിൽക്കെ, ഉയർത്തിപ്പിടിച്ച ഒരു ചെറിയ കൊടിയുമായി എമിലി രാജാവിന്റെ കുതിരയുടെ മുന്നിലേക്ക് ഓടിക്കയറി. മിന്നൽ വേഗത്തിൽ കുതിച്ചുപായുന്ന കുതിരയുടെ കുളമ്പുകൾക്കിടയിൽപ്പെട്ട് അവളുടെ ജീവൻ പൊലിഞ്ഞു. അവളുടെ മരണം ലോകമാകെ ചർച്ചാവിഷയമായി. അതിനെ തുടർന്ന് 30 വയസ്സിന് മുകളിലുള്ള തിരഞ്ഞെടുക്കപ്പെട്ട കുറച്ച് സ്ത്രീകൾക്ക് വോട്ടവകാശം പ്രഖ്യാപിക്കപ്പെട്ടു (1918 ൽ). 1925 ൽ അവരുടെ മക്കൾക്ക് കൂടി വോട്ടവകാശം കിട്ടി. 1928 ൽ എല്ലാ സ്ത്രീകൾക്കും വോട്ടവകാശം ലഭ്യമായി. വയലറ്റിന്റെ മകളെ അലക്കുകമ്പനിയിൽ നിന്ന് മോചിപ്പിച്ച് പ്രക്ഷോഭകരുടെ കൂട്ടത്തിലേക്ക് മൗഡ് കൊണ്ടുവരുന്നതോടെയാണ് സിനിമ അവസാനിക്കുന്നത്.

2014 ൽ ഇംഗ്ളണ്ടിൽ നിർമിച്ച ഈ സിനിമ ഒരു കൂട്ടം സ്ത്രീകളുടെ പോരാട്ടത്തിന്റെ യഥാർഥ സംഭവങ്ങളെ അധികരിച്ച് നിർമിച്ചതാണ്. സിനിമയുടെ പേര് പറഞ്ഞില്ല അല്ലേ. സഫ്രാഗെറ്റ്. ഇംഗ്ലണ്ടിലെ വോട്ടവകാശ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്നവർ സഫ്രാഗെറ്റ് എന്ന പേരിലായിരുന്നു അറിയപ്പെട്ടിരുന്നത്.

തുല്യതയ്ക്കു വേണ്ടി സ്ത്രീകൾ നടത്തിയ, ഇന്നും തുടരുന്ന, പോരാട്ടങ്ങളെക്കുറിച്ച് അന്വേഷിച്ച് അറിയൂ. എല്ലാവർക്കും വനിതാദിന ആശംസകൾ.

**യുറീക്കാമാമൻ**




**എൻ.ശാന്തകുമാരി**

ചിത്രീകരണം: കെ.സതീഷ്

# തുല്യതയുള്ള ലോകം
## മെച്ചപ്പെട്ട ലോകം

മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനമായി ആചരിക്കുന്ന കാര്യം കൂട്ടുകാർക്കെല്ലാം അറിയാമോ? നൂറു വർഷത്തിലധികമായി ഈ ദിനാചരണം തുടങ്ങിയിട്ട്. 1909 ൽ അമേരിക്കയിലെ ന്യൂയോർക്കിൽ സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലായിരുന്നു ദിനാചരണം ആരംഭിച്ചത്. അന്ന് ഫെബ്രുവരി 28 ആയിരുന്നു. 1910 ൽ ആഗസ്റ്റ് മാസത്തിൽ ഡെൻമാർക്കിലെ കോപൻഹേഗനിൽ തൊഴിലാളികളുടെ സംഘടനയായ രണ്ടാം ഇന്റർ നാഷനലിന്റെ സമ്മേളനവും നടന്നു. അതിന് മുന്നോടിയായി ഇന്റർനാഷണൽ സോഷ്യലിസ്റ്റ് വുമൺ കോൺഫറൻസ് എന്ന പേരിൽ സ്ത്രീകളുടെ സമ്മേളനവും നടന്നു. അവിടെ വെച്ചാണ് എല്ലാ വർഷവും വനിതാദിനം ആചരിക്കാനുള്ള നിർദേശം ഉയർന്നുവന്നത്. സ്ത്രീകൾക്ക് തുല്യ അവകാശങ്ങൾ ഉറപ്പുവരുത്തുക, വോട്ടവകാശം നേടിയെടുക്കുക എന്നിവയായിരുന്നു പ്രധാന ലക്ഷ്യങ്ങൾ. വോട്ട് ചെയ്യാനുള്ള പ്രായമായാൽ അത് സ്വാഭാവികമായി കിട്ടുമല്ലോ




എന്നായിരിക്കും കൂട്ടുകാർ ചിന്തിക്കുന്നത് അല്ലേ. പക്ഷേ, അക്കാലത്ത് അങ്ങനെയൊന്നും ആയിരുന്നില്ല. തൊട്ടടുത്ത വർഷം 1919 ൽ യൂറോപ്പിലെ ഡെന്മാർക്ക്, ജർമനി, സ്വിറ്റ്സർലാന്റ് തുടങ്ങിയ സ്ഥലങ്ങളിൽ ലക്ഷക്കണക്കിന് ജനങ്ങളാണ് ദിനാചരണത്തിൽ പങ്കെടുത്തത്. വോട്ടവകാശത്തിന് വേണ്ടിയും തൊഴിൽ മേഖലയിലെ വിവേചനങ്ങൾക്കെതിരെയും അവർ പ്രതിഷേധിച്ചു. മാർച്ച് 19 നായിരുന്നു അത്. അപ്പോഴും ഈ ദിനാചരണത്തിന് തുടക്കമിട്ട അമേരിക്കയിൽ ഫെബ്രുവരിയിലെ അവസാനത്തെ ഞായറാഴ്ചയായിരുന്നു വനിതാ ദിനാചരണം. 1914 ൽ ജർമനിയിൽ മാർച്ച് 8 നാണ് വനിതാദിനാചരണം നടന്നത്. അന്നൊരു ഞായറാഴ്ചയായിരുന്നു എന്നതാവാം കാരണം. എന്നാൽ അതിനെത്തുടർന്നാണ് എല്ലാ വർഷവും മാർച്ച് 8 ന് തന്നെ എല്ലാ രാജ്യങ്ങളിലും വനിതാദിനം ആചരിക്കാൻ തുടങ്ങിയത്. പല രാജ്യങ്ങളിലും ഈ ദിനം ഔദ്യോഗികമായി അവധിദിവസമാണ്. മാത്രമല്ല, രാഷ്ട്രീയമായും സാമൂഹ്യമായും ഉള്ള ആശയപരമായ പ്രതിരോധത്തെക്കാൾ ആഘോഷ ദിവസമായി കാണുന്ന രാജ്യങ്ങളുമുണ്ട്. സ്ത്രീകളോട്, അമ്മമാരോട്, സഹപ്രവർത്തകരോട് ഒക്കെയുള്ള സ്നേഹബഹുമാനങ്ങൾ പ്രകടിപ്പിക്കുക,

# സ്ത്രീകളും വോട്ടവകാശവും

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനം വരെയും അക്കാലത്തെ ജനാധിപത്യ രാജ്യങ്ങളിലൊന്നും സ്ത്രീകൾക്ക് വോട്ടവകാശമുണ്ടായിരുന്നില്ല. ബ്രിട്ടനിലും അമേരിക്കൻ ഐക്യനാടുകളിലുമാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അതിന് വേണ്ടിയുള്ള സമരങ്ങൾ ശക്തമായത്. എന്നാൽ ബ്രിട്ടനിൽ 1792 ൽ തന്നെ മേരി വുൾസ്റ്റൺ ക്രാഫ്റ്റ് എന്ന എഴുത്തുകാരി സ്ത്രീകളുടെ അവകാശങ്ങളെ തന്റെ പുസ്തകത്തിൽ (A vindication of the Rights of women) വോട്ടവകാശത്തിനായി ശബ്ദമുയർത്തിയിരുന്നു.

പക്ഷേ, 1918 ലും 30 വയസ്സുള്ള സ്ത്രീകൾക്ക് മാത്രമാണ് വോട്ടവകാശമുണ്ടായിരുന്നത്. 1928 ലാണ് അത് 21 വയസ്സ് എന്നാക്കി സ്ത്രീകൾക്ക് തുല്യ വോട്ടവകാശം നൽകിയത്. സോവിയറ്റ് റഷ്യ (1917), കാനഡ, ജർമനി, ആസ്ട്രിയ, പോളണ്ട് (1918), ചെക്കോസ്ലോവാക്യ (1919), അമേരിക്ക, ഹംഗറി (1920), മ്യാൻമർ (1922), ഇക്വഡോർ (1929) ദക്ഷിണാഫ്രിക്ക (1930), ബ്രസീൽ, ഉറുഗ്വേ, തായ്‌ലന്റ് (1932), ക്യൂബ (1934), ഫിലിപ്പൈൻസ് (1937), ഇന്ത്യ (1949), പാക്കിസ്ഥാൻ (1956) സ്വിറ്റ്സർലാന്റ് (1971), സിറിയ (1973) ഇങ്ങനെ വളരെ അടുത്ത കാലത്താണ് സ്ത്രീകൾക്ക് ദേശീയതലത്തിലെ തെരഞ്ഞെടുപ്പുകളിൽ വോട്ടു ചെയ്യാനും പൂർണമായ വോട്ടവകാശം നേടാനും കഴിഞ്ഞത്.



സമ്മാനങ്ങൾ നൽകുക ഒക്കെ ഈ ദിവസത്തിന്റെ പ്രത്യേകതയാണ്. വിദ്യാർഥികൾ അവരുടെ അധ്യാപികമാരെ ആദരിക്കാറുണ്ട്. അങ്ങനെ വ്യത്യസ്തമായ ആഘോഷങ്ങളും നടന്നുവരുന്നുണ്ട്.

1975 ലാണ് ഐക്യരാഷ്ട്ര സംഘടന വനിതാദിനാചരണം ആരംഭിച്ചത്. 1975 പെൺകുട്ടികളുടെ വർഷമായും തുടർന്നുള്ള പത്തു വർഷം 'വനിതാദശക'മായും ആചരിക്കുകയും ചെയ്തിരുന്നു. എല്ലാ വർഷവും വനിതാദിനത്തിൽ ഐക്യരാഷ്ട്ര സംഘടന ഒരു പൊതു വിഷയവും മുദ്രാവാക്യവും മുന്നോട്ടു വെയ്ക്കാറുണ്ട്. 2011 ൽ വനിതാദിനാചരണത്തിന്റെ നൂറാം വാർഷികത്തിൽ 'വിദ്യാഭ്യാസത്തിലെ തുല്യത' ആയിരുന്നു വിഷയം. ഈ വർഷം ഇത് 'തുല്യതയുള്ള ലോകം മെച്ചപ്പെട്ട ലോകമാണ്' (An equal world is an enabled world) എന്നതാണ്. "ഓരോരുത്തരും തുല്യതയ്ക്കായി" (Each for equal) പ്രവർത്തിക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിലും ലോകരാജ്യങ്ങളുടെയും സംഘടനകളുടെയും ഒക്കെ നേതൃത്വത്തിലും ഒട്ടേറെ പരിപാടികൾ ഈ മുദ്രാവാക്യത്തെ അടിസ്ഥാനമാക്കി നടക്കുകയും ചെയ്യുന്നുണ്ട്.



*ഏറ്റവും ഉയരം കൂടിയ ചാട്ടമത്സരത്തിന്റെ പേരെന്തെന്ന് അറിയാമോ?*
*അതാണ് പോൾ വാൾട്ട്.*



അരുൺ പ്രസാദ്

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക



# തുമ്പിയുടെ സങ്കടം മായ്ച്ച മഴവില്ല്

അവധിക്കാലമായിട്ടും തുമ്പി വലിയ സങ്കടത്തിലാണ്. കാരണം ഇത്ര നാളും കൂടെ കളിക്കാനുണ്ടായിരുന്ന അനിയൻ കണ്ണൻ ഇപ്പോൾ അച്ഛനും അമ്മാവനും ഒപ്പം പണിയിൽ സഹായിക്കുവാൻ പോകും. നാട് കാണാൻ പോകുന്നതാണ്. ജോലി കഴിഞ്ഞ് വരുമ്പോൾ അവൻ പറയുന്ന കഥകൾ കേട്ട് തുമ്പി കണ്ണു മിഴിക്കും. അവൾക്ക് അവരുടെ ഒപ്പം കൂടാൻ കൊതിയാവും. ലോകം മുഴുക്കെ ചുറ്റി നടക്കാൻ ആശയാവും. എന്നേം കൂടെ കൊണ്ട് പോക്വോ അച്ഛാ എന്ന് പലവട്ടം ചോദിച്ചിട്ടും ആരും കാര്യമായിട്ടെടുത്തില്ല. പെൺകുട്ടികളൊക്കെ വീട്ടിൽ ഇരുന്നാ മതിയെന്ന് കേൾക്കുമ്പോൾ അവൾക്ക് പിന്നേം സങ്കടമാവും. സങ്കടം സഹിക്ക വയ്യാതെ ഒരു ദിവസം ജോലിക്കു പോകുകയായിരുന്ന അച്ഛന്റേയും അമ്മാവന്റേയും അനിയന്റേയും പിറകേ തുമ്പി ഒളിച്ചു ചെന്നു. അവർ തിരിഞ്ഞു നോക്കുമ്പോളൊക്കെ അവൾ മരങ്ങൾക്കും ചെടികൾക്കും മറവിൽ ഒളിച്ചു.

റോഡരികിലെ വിശാലമായ പാടത്തിൽ ഉറപ്പിച്ച ബോർഡിൽ ചിത്രം വരയ്ക്കുന്ന അച്ഛനേയും അമ്മാവനേയും അവർക്ക് ബ്രഷും പെയിന്റും എടുത്തു കൊടുക്കുന്ന അനിയനേയും തുമ്പി ദൂരേ നിന്നും കണ്ടു. അവർ മഴവില്ല് വരയ്ക്കുകയായിരുന്നു.

പെട്ടെന്ന് മഴ വന്നു. എല്ലാവരും പണി നിർത്തി വീട്ടിലേക്ക് ഓടി. തുമ്പി മാത്രം ഒരു പൊള്ളയായ മരത്തിന്റെ ചുവട്ടിലെ പൊത്തിൽ കയറി മഴ കൊള്ളാതെ നിന്നു. പാടത്തേക്ക് നോക്കിയപ്പോൾ ബോർഡിലെ പെയിന്റെല്ലാം മഴയത്ത് ഒലിക്കുന്നു. അവൾ വേഗം ഓടിപ്പോയി ചേമ്പില പറിച്ചു കൊണ്ടു വന്ന് ബോർഡിനെ രക്ഷിക്കുവാൻ നോക്കി. ശരിയായില്ല. തുമ്പിക്ക് വിഷമം തോന്നി.

മഴ നിന്നപ്പോൾ അവൾ തന്റെ കയ്യിലുണ്ടായിരുന്ന കളർ പെൻസിൽ വച്ച് ബോർഡിൽ മഴവില്ല് വരച്ചു നോക്കി. ശരിയായില്ല. പിന്നെ കുറേ നിറങ്ങളുള്ള പൂക്കൾ പറിച്ചുവച്ച് നോക്കി. ശരിയായില്ല. തേൻ നിറച്ച പൂക്കളിൽ പല നിറങ്ങളുള്ള ചിത്രശലഭങ്ങൾ വന്നിരുന്നു. എന്നിട്ടും ശരിയായില്ല. തുമ്പിക്ക് പിന്നേയും വിഷമം തോന്നി. അവളുടെ കണ്ണുകൾ നിറഞ്ഞു. അതെല്ലാം കണ്ടുകൊണ്ട് മുകളിൽ നിൽക്കുകയായിരുന്ന നീല മേഘത്തിനും സങ്കടം സഹിച്ചില്ല. നീലമേഘം കരഞ്ഞു. ചാറ്റൽമഴ പാടത്ത് തൂവിയിട്ടു. അതുകണ്ട് മേഘത്തിന്റെ പിറകിൽ ഒളിച്ചിരുന്ന സൂര്യൻ തുമ്പിയേയും നീല മേഘത്തേയും ആശ്വസിപ്പിക്കുവാൻ വന്നു. അപ്പോൾ ആ ഗ്രാമത്തിൽ ഇതുവരേക്കും കണ്ട ഏറ്റവും വലിയ മഴവില്ല് ബോർഡിൽ തെളിഞ്ഞു. അതുകണ്ട് ഗ്രാമവാസികൾ തുമ്പിയെ അഭിനന്ദിച്ചു. പിറ്റേന്ന് മുതൽ ജോലിക്കുപോകുമ്പോൾ അച്ഛൻ എല്ലാവർക്കും മുമ്പേ തുമ്പിയെ കൂടെ കൂട്ടിത്തുടങ്ങി. അതോടെ തുമ്പിയുടെ സങ്കടമെല്ലാം മാറി.

✷

**മഴ നിന്നപ്പോൾ അവൾ തന്റെ കയ്യിലുണ്ടായിരുന്ന കളർ പെൻസിൽ വച്ച് ബോർഡിൽ മഴവില്ല് വരച്ചു നോക്കി. ശരിയായില്ല. പിന്നെ കുറേ നിറങ്ങളുള്ള പൂക്കൾ പറിച്ചുവച്ച് നോക്കി. ശരിയായില്ല.**



ആവിഷ്കരണം : കുട്ടികളുടെ രചനാപൂരം
ആശംസകളോടെ...





എം.ഗീതാഞ്ജലി

ചിത്രീകരണം: രാജീവ് എൻ ടി



ദൂരെ ദൂരെ നീലാകാശത്തിൽ പാറിപ്പറന്നു നടക്കുന്ന വെളുത്ത മേഘങ്ങൾ. എന്ത് രസാ കാണാൻ! നീലക്കടലിലെ വെൺനുരത്തിരമാലകൾ പോലെയുണ്ട്, കുട്ടി വിചാരിച്ചു. കുറച്ചുനേരം നോക്കിയിരുന്നപ്പോൾ അവൾക്ക് ചിരിവന്നു. കൂട്ടം ചേർന്ന് മേഞ്ഞുനടക്കുന്ന വെളുത്ത ആട്ടിൻകുട്ടികളെ പോലെയാണിപ്പോൾ തോന്ന്ണത്.

നോക്കിയിരിക്കെ അവൾക്ക് രസം കയറി. നീങ്ങുന്നതിനിടയിൽ രൂപം മാറിക്കൊണ്ടിരിക്കുന്ന പഞ്ഞിമേഘങ്ങൾ. അതാ, ആ ഒറ്റപ്പെട്ട മേഘത്തുണ്ട് ഒരു നായ്ക്കുട്ടിയെപ്പോലുണ്ട്. വെളുത്ത കുഞ്ഞുടലും കുറിയ കാലുകളും ഉണ്ടവാലുമെല്ലാം ശരിക്കുമുണ്ട്. അതാ, അതിന്റെ വാലും കാലുമെല്ലാം മാറുന്നു. ഇപ്പോളത് വലിയൊരു മേഘത്തിന്റെ അരികുപറ്റി ഒഴുകുകയാണ്. രണ്ടുംകൂടി ഒട്ടിക്കഴിഞ്ഞു. നീങ്ങീ നീങ്ങിപ്പോകെ അതാകെ രൂപംമാറിവരുന്നു. ഇപ്പൊ വലിയൊരു രാക്ഷസനെപ്പോലെയുണ്ട്. വലിയ ഉണ്ടത്തല, തലക്കുമീതെ നീട്ടിയ വലിയ കൈകൾ, വലിയ ഉടൽ എല്ലാം.



# കുതിരപ്പുറത്തെ രാജകുമാരി

അതിനെത്തന്നെ നോക്കിയിരിക്കെ കുട്ടി അച്ഛനെ ഓർത്തുപോയി. ഇന്നലെ രാത്രിയും അച്ഛൻ കുടിച്ചുവന്നു. അലറിവിളിച്ച് ചീത്ത പറഞ്ഞ് ആടിയാടി വന്നു. പതിവുപോലെ ഉച്ചത്തിൽ അമ്മയെ ചീത്ത പറഞ്ഞുകൊണ്ടിരുന്നു. ആശുപത്രിയിൽ കിടക്കുന്ന പാവം അമ്മയെ. അവളുടെ കണ്ണുകൾ നിറഞ്ഞു. എന്തിനാ അച്ഛൻ ഇങ്ങന്യൊക്കെ ചെയ്യുണത്? എത്ര്യോ ദിവസായിട്ട് സുഖല്യാതെ കിടക്കാണ് അമ്മ എന്നതുംകൂടി മറന്നു പോയോ? ഈയിടെയായിട്ട് അച്ഛനെ കാണുമ്പോ വല്ലാതെ പേടിയാവാണ്.

കുട്ടി താടിക്ക് കയ്യും കൊടുത്ത് മേഘക്കീറുകളെ ഉറ്റുനോക്കി ഇരുന്നു. വായുംപൊളിച്ച് നിന്നിരുന്ന രാക്ഷസൻ മാഞ്ഞുകഴിഞ്ഞിരുന്നു. ഇപ്പൊ കാണുന്നത് ഒരു വെള്ളക്കുതിരയല്ലേ? അതെ. കൈകാലുകൾ വീശിയെറിഞ്ഞ്, ചെവികൾ എടുത്തുപിടിച്ച് ആകാശത്തൂടെ പറക്കുന്ന വെള്ളക്കുതിര. കുട്ടിയുടെ കണ്ണുകൾ വിടർന്നു. പറക്കും കുതിരയുടെ മുകളിലൂടെ നീങ്ങിപ്പോവുന്ന ഒരു മേഘം കൂടി അതിനോട് പറ്റിച്ചേർന്നു. കുതിരപ്പുറത്തിരിക്കുന്ന രാജകുമാരിയായോ അത്? കണ്ണുകൾ ചെറുതാക്കി അവൾ സൂക്ഷിച്ചുനോക്കി. ഉവ്വ്, അങ്ങനെത്തന്ന്യാ തോന്ന്ണത്.

ഇന്നലെ രാത്രി അച്ഛന്റെ ബഹളത്തിനിടെ തേങ്ങിക്കരഞ്ഞുകൊണ്ടിരുന്ന തന്നെ അമ്മിണിച്ചേച്ചി എടുത്തു കൊണ്ടുപോയി പായിൽ കിടത്തി. എന്നിട്ട് ചേർത്തുപിടിച്ച് തട്ടിയുറക്കുമ്പോൾ പറഞ്ഞുതന്ന കഥേലെ കുതിരപ്പുറത്ത് രാജകുമാരന്റെ കൂടെ പറന്നുപോയ രാജകുമാരി.

കുട്ടി നെഞ്ചത്ത് കൈവെച്ച് ശ്വാസമടക്കി മാനത്തേക്കു തന്നെ നോക്കിയിരുന്നു. ഒരു രാജകുമാരിയായി മേഘക്കുതിരപ്പുറത്തിരുന്ന്, ദൂരെ രാക്ഷസന്മാരൊന്നുല്യാത്ത ആ ദ്വീപിലേക്ക് പാറിപ്പാറിപ്പോകാൻ അവൾ കൊതിച്ചു.

✷



# കാറ്റിന്റെ പുസ്തകം

## സത്യചന്ദ്രൻ പൊയിൽക്കാവ്

ചിത്രീകരണം: കെ.സതീഷ്




ചന്ദ്രനോ ദിവാകരൻ
നൽകിയ പുലരൊളി–
ച്ചന്തമോ വഴിവക്കിൽ
പൂവുപോൽ വിടരുന്നു.

ഞാനതിൽ മതി–
മറന്നായിരം ചിറകിനാൽ
ഗാനമായ് വസന്തത്തിൻ
അക്ഷരക്കാവിൽപ്പോകെ.

എന്നുടെ കിനാവിന്റെ
പൂക്കളും കാണാൻ വരും
കുഞ്ഞിളം കാറ്റേ നിന്റെ
പുസ്തകം തുറന്നാട്ടെ.

✷






## പതിനാറാം വെല്ലുവിളി

# കുടുംബ സംഗീതമേള


**പി രാധാകൃഷ്ണൻ ആലുവീട്ടിൽ**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക


എങ്ങനെ ഉണ്ടായിരുന്നു നിന്റെ സ്പെഷ്യൽ ബാലസഭ?

വൈകുന്നേരം ഓഫീസിൽ നിന്നെത്തിയ അച്ഛൻ ചോദിച്ചു. തലേദിവസം അത്താഴ സമയത്തെ ചർച്ച മുഴുവൻ അതിനെ പറ്റിയായിരുന്നു. ഈ വർഷത്തെ അവസാന ബാലസഭയാണ്. എല്ലാവരും നല്ലനല്ല പരിപാടികൾ അവതരിപ്പിക്കും. എല്ലാ തവണത്തേയും പോലെ ഞാൻ കവിത ചൊല്ലും. എന്നെല്ലാം നിമിഷ പറഞ്ഞത് അച്ഛൻ ഓർത്തു.

എനിക്ക് കവിത ചൊല്ലാനവസരം കിട്ടിയില്ല. നിമിഷ സങ്കടത്തോടെ പറഞ്ഞു.

അതെന്തു പറ്റീ? അച്ഛൻ ചോദിച്ചു.

ഇതുവരെ അവതരിപ്പിക്കാത്തവർക്കായിരുന്നു മുൻഗണന.

അതു നന്നായി. അവർക്കും അവസരം വേണമല്ലോ. അച്ഛൻ അവളെ സമാധാനിപ്പിച്ചു. നിമിഷയുടെ മുഖം തെളിഞ്ഞു.

അച്ഛാ, പരിപാടി നല്ല രസായി. ആസാമിൽ നിന്നുള്ള രണ്ടു കുട്ടികൾ ഉണ്ടല്ലോ എന്റെ ക്ലാസ്സിൽ.. അവരുടെ ഒരു കലാപരിപാടി ഉണ്ടായി. ആസാമീസ് ഗാനം. ഒപ്പം അവരുടെ സംഗീത ഉപകരണങ്ങളും. ഒരാൾ ഢോൽ. മറ്റേ കുട്ടി പെപ വായിച്ചു.

അച്ഛാ, അവരുടെ ഗ്രാമത്തിൽ എല്ലാ വീട്ടിലും സംഗീത ഉപകരണം വായിക്കാൻ അറിയുന്നവർ ഉണ്ടാവും. മംഗൾദോയി ഗ്രാമത്തിലാണ് വീട്. അവർ വിരുന്നുകാരെ സ്വീകരിക്കുന്നത് സംഗീത പരിപാടി നടത്തിയിട്ടാണത്രെ. പ്രത്യേക അതിഥികൾ ആരെങ്കിലും വന്നാൽ അടുത്ത വീട്ടുകാരെല്ലാം ഒത്തുചേർന്ന് സംഗീത പരിപാടി നടത്തുകയാണത്രേ പതിവ്. പാട്ടും നൃത്തവുമൊക്കെ അവരുടെ സാധാരണ സംഭവങ്ങളിൽ പെടുന്നതാണ്.



**പെപ (pepa)**

കൊമ്പാകൃതിയിലുള്ള ഒരു സംഗീതോപകരണം. ആസ്സാമുകാരുടെ നാടോടി സംഗീതത്തിൽ ഇതിന് വലിയ സ്ഥാനമുണ്ട്. ബിഹു ആഘോഷത്തിലും പെപ ഉപയോഗിക്കുന്നു.

നിമിഷ ഒറ്റ ശ്വാസത്തിൽ പറഞ്ഞു നിർത്തി. കൂടെ ഒരു ചോദ്യവും: നമ്മളെല്ലാവരും ഒന്നിച്ച് ഒരു പാട്ട് പാടിയിട്ടുണ്ടോ?

ഉണ്ടല്ലോ. നീ പഴയ വെല്ലുവിളി മറന്നോ? പാട്ടുകൂട്ടം.

അത് ശരിയാ. എന്നാലും ഒപ്പം ഏതെങ്കിലും ഒരു സംഗീത ഉപകരണം കൂടി വേണംന്ന് ഒരു തോന്നൽ. നിമിഷ പറഞ്ഞു

നിനക്ക് ഏത് ഉപകരണമാ പഠിക്കേണ്ടത്?

ഏതാണ് എളുപ്പത്തിലും വേഗത്തിലും പഠിക്കാവുന്നത്?

ഉപകരണ സംഗീതം വളരെ എളുപ്പത്തിൽ പഠിക്കാൻ പറ്റുംന്ന് തോന്നുന്നില്ല. ചിലതിനോട് നമുക്ക് താൽപര്യം ഉണ്ടാവും. പലതും നിരന്തരം



കണ്ടും കേട്ടും ഇഷ്ടം തോന്നും. പഠിപ്പിക്കാൻ ആളുണ്ടെങ്കിൽ മാത്രമാണ് പലതും പഠിക്കാൻ കഴിയുക. ഓരോന്നിനും നിരന്തര പരിശീലനം വേണം. ചിട്ടയായ പരിശീലനം ഏകാഗ്രത നൽകും. എന്തായാലും നിന്നെ പഠിപ്പിക്കാൻ കഴിയുന്ന ഒരാളെ നമുക്ക് അന്വേഷിക്കാം. ഇന്നുതന്നെ..



**ഢോൽ (dhol)**

രണ്ടുഭാഗവും കൊട്ടാനുപയോഗിക്കുന്ന വാദ്യോപകരണം. കാണാൻ ഡ്രമ്മിന്റെ ആകൃതി.

അച്ഛൻ ചിരിച്ചു.

ഇനി പുതിയ വെല്ലുവിളിക്കാര്യം.

ആഹാ. കേൾക്കട്ടെ.

നിമിഷയുടെകണ്ണുകൾ വിടർന്നു.

ഒരു സംഗീത ഉപകരണമെങ്കിലും ചേർത്ത് കുടുംബ സംഗീത വിരുന്ന്.

അയ്യോ! അതിനിവിടെയാർക്കും അതൊന്നു മറിയില്ലല്ലോ. നിമിഷയുടെ മുഖം വാടി.

നീ വിഷമിക്കാതെ. സംഗീത ഉപകരണങ്ങൾ വായിക്കുന്നതിന് ആവശ്യമെങ്കിൽ ബന്ധുക്കളെയോ സുഹൃത്തുക്കളെയോ പരിചയക്കാരേയോ കൂടെക്കൂട്ടാമെന്നും നിയമമുണ്ട്. അച്ഛൻ അവളെ സമാധാനിപ്പിച്ചു കൊണ്ട് തുടർന്നു.

കുടുംബ സംഗീതത്തിന്റെ ചിത്രങ്ങളും വീഡിയോയും സമൂഹ മാധ്യമങ്ങളിൽ പങ്കുവെക്കുക.

ഉപകരണസംഗീതം പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് സ്വന്തം ആഗ്രഹങ്ങളും പങ്കുവെയ്ക്കാം. കുടുംബത്തിൽ ഒരാളെങ്കിലും ഒരു സംഗീതോപകരണം അഭ്യസിക്കാൻ തയ്യാറാവുകയാണെങ്കിൽ വളരെ നല്ല കാര്യം. അച്ഛൻ പറഞ്ഞു നിർത്തി.

അച്ഛാ ഞാൻ തയ്യാർ. പുസ്തകമെടുക്കാൻ അകത്തേക്കോടുന്നതിനിടയിൽ നിമിഷ വിളിച്ചു പറഞ്ഞു.

എന്താ നിങ്ങളും തയ്യാറല്ലേ?



പി.കെ.സുധി

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക




# കകാഷികളുടെ താഴ്‌വര

രണ്ടായിരത്തിലെ ഒരു ദിവസം. ജപ്പാനിലെ ഒസാക്ക നഗരത്തിൽ നിന്നും സുക്മി അയനോ തന്റെ ഗ്രാമമായ നഗൊരോയിലേയ്ക്ക് മടങ്ങിവന്നു.

അതവളുടെ പഴയ നഗൊര ഗ്രാമമായിരുന്നില്ല. നിരത്തുകൾ, അങ്ങാടികൾ, പാടങ്ങൾ, തടിഡിപ്പോ... ഒരിടത്തും ആരെയും കാണുന്നില്ല. മുമ്പ് വൈദ്യുതനിലയം വരെയുണ്ടായിരുന്നിടമാണ്; നിറയെ ജനങ്ങളും. ഇപ്പോളവിടെമ്പാടും വിജനത തമ്പടിച്ചിരിക്കുന്നു. കാറ്റു മാത്രമാണ് ആ മലയോര ഗ്രാമത്തിൽ ചലിക്കുന്നതെന്ന് അയനോയ്ക്ക് തോന്നി.

ആളുകളെല്ലാം തന്നെപ്പോലെ ടോക്കിയോയിലേയ്ക്കും ഒസാക്കയിലേയ്ക്കും ജോലിക്കും മറ്റുമായി എന്നന്നേയ്ക്കുമായി നാട്ടുവിട്ടതാണ്. ഗ്രാമത്തിൽ പുതിയ ജനനവുമില്ല. തന്റെ നഗൊരോ ഒരു പ്രേതഗ്രാമമായി മാറിയിരിക്കുന്നു.

അയനോ കൃഷിയിലേയ്ക്ക് തിരിഞ്ഞു. എന്നാൽ പാടത്തിൽ നിന്നൊന്നും കിട്ടിയില്ല. അവൾ തന്നോളം വലിപ്പമുള്ള ഒരു നോക്കുകുത്തിയെ പാടത്തിൽ കെട്ടിവച്ചു. കാകാഷിയെന്നു വിളിക്കുന്ന ആ നോക്കുകുത്തിക്ക് അവളുപയോഗിച്ചത് മരിച്ചുപോയ തന്റെ പിതാവിന്റെ വസ്ത്രങ്ങളായിരുന്നു.

നോക്കുകുത്തി തന്റെ അച്ഛനെപ്പോലെയിരിക്കുന്നു. ഒരു പരിചയക്കാരൻ, പാടത്തിൽ നിൽക്കുന്ന അവളുടെ മരിച്ചുപോയ പിതാവിനെ കണ്ടതിശയിച്ചു പോയി.

തുടർന്നുള്ള വർഷങ്ങൾ അയനോയ്ക്ക് വിശ്രമരഹിതങ്ങളായിരുന്നു. അവൾ ഏകദേശം മുന്നൂറ്റിയൻപതോളം മനുഷ്യപ്പാവകളെയുണ്ടാക്കി. വയ്ക്കോൽ, കടലാസ്സ്, തുണി എന്നിവയിൽ നിന്നും ഗ്രാമത്തിൽ മുമ്പ് താമസിച്ചിരുന്നവരെല്ലാമെഴുന്നേറ്റു വന്നു. അതിൽ പ്രായമാവരും നാട്ടുവിട്ട കുട്ടികളും കൃഷിക്കാരും കച്ചവടക്കാരുമുൾപ്പെട്ടു.

വലിയ കകാഷികളെക്കൊണ്ട് ഗ്രാമം നിറഞ്ഞു. നിരത്തോരത്ത് പാവകൾ വണ്ടി കാത്തിരുന്നു. ഒരിക്കലും തുറക്കാത്ത വ്യഞ്ജനക്കടയുടെ മുന്നിൽ, മൺവെട്ടികളുമായി പാടത്ത്, പിന്നെ വെയിലു

കായുന്നവർ, സൊറ പറഞ്ഞ് ചായ കുടിക്കാനെത്തിയവർ, നിരത്തിൽ സൈക്കിളുമായി ഒരു അയനോപ്പാവ...


അയനോ തന്റെ കുട്ടികളുമായി അടച്ചുപൂട്ടിയ സ്കൂളിലേയ്ക്ക് പോയി. പഠിക്കാൻ കുട്ടികളും പഠിപ്പിക്കാൻ അധ്യാപകരുമെത്താതെ രണ്ടായിരത്തി പന്ത്രണ്ടിൽ അടച്ചതാണ് ആ സ്കൂൾ. പള്ളിക്കൂടമുറ്റം, ക്ലാസ്സുമുറി എല്ലായിടങ്ങളും പണ്ടവിടെ പെരുമാറിയിരുന്നവരെക്കൊണ്ട് നിറച്ചു. സൂത്രവാക്യങ്ങൾ എഴുതിയ പച്ചബോർഡിനു മുന്നിൽ അധ്യാപിക നിന്നു. പിന്നെ പ്രിൻസിപ്പൽ. ആർക്കും ശ്വസോച്ഛ്വാസം മാത്രമില്ല.

പാവകൾ എന്റെ കുഞ്ഞുങ്ങളാണ്. അവരെ സൃഷ്ടിക്കുമ്പോൾ ഞാനവർ ജീവിച്ചിരുന്ന കാലത്തെയോർമിക്കും. മരിച്ചുപോയവരുടെ പാവരൂപങ്ങൾ കണ്ട് ഭയക്കുന്ന ചിലരുമീ നാട്ടിലുണ്ടെന്ന് അറുപത്തിനാലുകാരിയായ അയനോ പറയുന്നു.

ഇപ്പോൾ നഗൊറോ ഒരു പ്രേതഗ്രാമമല്ല. അത് കാകാഷിപ്പാവകളുടെ താഴ്‌വാരമായി മാറി. അവിടേയ്ക്ക് ടൂറിസ്റ്റുകൾ എത്തിക്കൊണ്ടിരിക്കുന്നു.

പാവകളുടെ കേടുപാടുകൾ മാറ്റുന്നതിലും അയനോ ശ്രദ്ധിക്കുന്നു. അതിനാൽ അയനോ എപ്പോഴും പണിത്തിരക്കിലാണ്.





സുരേന്ദ്രൻ ചെത്തുകടവ്

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

പരീക്ഷണശാല –2

# ന്യൂട്ടന്റെ തൊട്ടിൽ


അതാ വിജിടീച്ചർ വരുന്നുണ്ട്. കുട്ടികൾ ഉത്സാഹത്തോടെ വിളിച്ചുപറഞ്ഞു.

“ഇന്നും ടീച്ചറിന്റെ കൈയിൽ എന്തോ സൂത്രങ്ങൾ ഉണ്ട്.” മാളവിക പറഞ്ഞു.

കൈയിൽ കുറച്ച് പി.വി.സി. പൈപ്പുകളും എൽബോകളും റെഡ്യൂസറുകളും, രണ്ട് ഐസ്ക്രീം ബോളുകളും കുറച്ച് നൂലും. എല്ലാം മേശപ്പുറത്ത് വെച്ച്, ടീച്ചർ മേശമേൽ കയറിയിരുന്നു.

“നിങ്ങൾ ഐസക് ന്യൂട്ടനെപ്പറ്റി കേട്ടിട്ടുണ്ടോ?”

“ഉം, മഹാനായ ശാസ്ത്രജ്ഞനാണ്.” കുട്ടികൾ വിളിച്ചുപറഞ്ഞു.




അദ്ദേഹം ഒരിക്കൽ തന്റെ ഒരു സുഹൃത്തിന്റെ വീട്ടിൽ പോയി. കൂട്ടുകാരനുമായി സംസാരിച്ചിരിക്കവേ, അടുത്ത മുറിയിൽ അയാളുടെ ഭാര്യ അവരുടെ ഇരട്ടക്കുട്ടികളെ രണ്ട് തൊട്ടിലുകളിൽ കിടത്തി ആട്ടിക്കൊണ്ടിരിക്കുന്നത് ശ്രദ്ധിച്ചു. ആദ്യം ഒരു തൊട്ടിൽ കുറേ ആട്ടും. പിന്നെ മറ്റേതും. ഇത് തുടർന്നുകൊണ്ടിരിക്കുന്നത് ന്യൂട്ടൻ ശ്രദ്ധയോടെ നിരീക്ഷിച്ചു.

പിറ്റേദിവസം പുതിയ ഒരു മാന്ത്രികത്തൊട്ടിൽ നിർമിച്ച് ന്യൂട്ടൻ സുഹൃത്തിന്റെ

വീട്ടിലെത്തി സമ്മാനിച്ചു.

അത്ഭുതം തന്നെ, കുട്ടികളെ തൊട്ടിലിൽ കിടത്തി, ഒരെണ്ണം മാത്രം തള്ളിവിട്ടാൽ, ഏറെനേരം ആടി അത് സ്പീഡ് കുറയുമ്പോഴേക്കും മറ്റേ തൊട്ടിൽ സ്വയം ആടി ആടി സ്പീഡ് കൂട്ടും. അത് സ്പീഡ് കുറയുമ്പോൾ ഒന്നാമത്തേത് വീണ്ടും ആടാൻ തുടങ്ങുന്നു. ഇത് ഏറെനേരം ആവർത്തിച്ചു.

അത്ഭുതപ്പെട്ടിരിക്കുന്നവരോടായി ടീച്ചർ ചോദിച്ചു: ഇന്ന് നമുക്ക് ന്യൂട്ടന്റെ തൊട്ടിലിന്റെ മാതൃക നിർമിച്ചുനോക്കിയാലോ. ടീച്ചർ ചോദിച്ചു.


പിന്നല്ലാതെ.. ക്ലാസ് ഒന്നിച്ച് ആർത്തുവിളിച്ചു.

ടീച്ചർ കൊണ്ടുവന്ന പി.വി.സി. പൈപ്പുകളും മറ്റും ഉപയോഗിച്ച് നല്ലൊരു സ്റ്റാന്റ് ഉണ്ടാക്കി ഐസ്ക്രീം ബോളുകൾ രണ്ടെണ്ണം നൂലിൽ തൂക്കിയിട്ടു. ഒന്നുമാത്രം തള്ളിയപ്പോൾ അതു മാത്രം ആടിക്കൊണ്ടിരുന്നു. മറ്റത് നിശ്ചലം തന്നെ. ഇത് ന്യൂട്ടന്റെ സുഹൃത്തിന്റെ വീട്ടിലെ ആദ്യത്തെ തൊട്ടിലെന്ന് കരുതുക.

ഇനി ന്യൂട്ടന്റെ തൊട്ടിലാക്കി ഇതിനെ മാറ്റാം.

എല്ലാവരും ആകാംക്ഷയോടെ ടീച്ചറുടെ മുഖത്തേക്ക് നോക്കി.

നമുക്ക് ഈ മെയിൻ സ്റ്റാന്റിന്റെ മുകളിലെ ബീമിൽ ഒരു ചെറിയ പി.വി.സി.



പൈപ്പ് കഷണം രണ്ട് നൂലുകൊണ്ട് അഗ്രങ്ങളിൽ കെട്ടിത്തൂക്കിയിടാം. എന്നിട്ട് ഇതാ ഈ പൈപ്പിൽ രണ്ട് ബോളുകൾ നൂലിൽ തൂക്കിയിടാം. തുല്യനീളമുള്ള നൂലുകളായിരിക്കണേ... ദാ നോക്കൂ ഒരെണ്ണം ആട്ടുമ്പോൾ ക്രമേണ മറ്റേതും ആടുന്നു.

ഹായ്... ക്ലാസിൽ വലിയ കയ്യടി ഉയർന്നു.

സംനാദം (Resonance) എന്ന ആശയമാണ് നമ്മൾ ഇവിടെ പ്രാവർത്തികമാക്കിയത്. ടീച്ചർ ചോക്കെടുത്ത് ബോർഡിൽ സംനാദം എന്നെഴുതി.

## സംനാദം

എന്താണീ സംനാദം എന്ന് വെച്ചാൽ? നമ്മൾ കണ്ട ഉദാഹരണം നോക്കൂ. ഒരു ബോൾ ആട്ടി വിട്ടാൽ അത് ഒരു പ്രത്യേക താളത്തിൽ ആടും. അതിന്റെ ചലന ഊർജം പൈപ്പ് വഴി രണ്ടാമത്തെ ബോളിലേക്ക് കുറേശ്ശെ എത്തുന്നു.അതും ആടിത്തുടങ്ങുന്നു. രണ്ടു ബോളും തൂക്കിയിട്ട നൂലിന് ഒരേ നീളമായതുകൊണ്ട് ആട്ടത്തിന് ഒരേ താളവുമാണ്. ഇങ്ങനെ ഒരേ താളത്തിൽ ഊർജം കൈമാറുന്നതു കൊണ്ട് രണ്ടാമത്തെ ബോളിന്റെ ആട്ടത്തിന്റെ ആയതി കൂടി വരികയും ഒന്നാമത്തേതിന്റെ ആയതി കുറഞ്ഞു കുറഞ്ഞു വന്ന് ഒടുവിൽ നിൽക്കുകയും ചെയ്യുന്നു. ഇനി ഊർജ കൈമാറ്റം തിരിച്ചാവും. ഇത് ആവർത്തിച്ചു കൊണ്ടേ ഇരിക്കും.

രണ്ടാമത്തെ ബോൾ തൂക്കിയ ചരടിന് നീളം കുറച്ചു കൂടുതൽ ആണെങ്കിലോ?അപ്പോൾ അതിന്റെ ആട്ടം പതുക്കെയാവും. രണ്ടും തമ്മിൽ താളം തെറ്റും. ഊർജ കൈമാറ്റവും താളം തെറ്റും. സംനാദം സംഭവിക്കാതാകും.

ഒരേ താളത്തിലാടുന്നവ തമ്മിലേ സംനാദം ഉണ്ടാകൂ എന്നു ബോധ്യമായില്ലേ? സംനാദം ഒരു വലിയ വിഷയമാണ്. കൂടുതൽ നിങ്ങൾ പിന്നെ പഠിക്കും.

ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.



റഫീക്ക് പൂനത്ത്

ചിത്രീകരണം: രാജീവ് എൻ ടി

# വിളക്ക്



"ഞങ്ങളെന്റെ കോഴ്യേക്ക് കോതമ്പം കൊടുത്തോ...?"

പൊടിയരിക്കഞ്ഞി മൂക്കറ്റം കുടിച്ച് ഏമ്പക്കവും വിട്ട് മായൻകുട്ടി മൂത്തമ്മയോട് ചോദിച്ചു

"ഒരു കോഴിക്കാരൻ ശ്രുജായി! പള്ള നെറഞ്ഞോരല്ലേ നിനക്ക് അതിറ്റിങ്ങളെ ഓർമ വന്നുള്ളൂ... ഏട്ന്നെങ്കിലും മിണ്ടാപ്രാണ്യേള സമ്പാദിച്ചോണ്ട് ങ്ങ്... പോരാ....

ന്ന്.. റ്റ് അതിറ്റിങ്ങളെ പോറ്റലെന്റെ പണി. കണ്ണ്ക് പൊട്ടനായ നിന്നെ പോറ്റുന്നതും പോര.. ഞാൻ നിന്റെ കോഴീനേം... പൂച്ചേനേം.. മൈനേനേം... ഒക്കെ ചോറ് കൊടുത്ത് പോറ്റാ... ന്നെ... ക്കൊണ്ടൊന്നും പറേ... ക്കണ്ട."

മൂത്തമ്മ ദേഷ്യം നടിച്ച് അടുക്കളയിലേക്ക് പോകും.

മൂത്തമ്മയ്ക്ക് അടുക്കളയിൽ എപ്പോഴും തിരക്കാണ്. വയലിൽ പണിയെടുത്ത് ക്ഷീണിച്ചു വരുന്നവർക്ക് മൂത്തമ്മയുടെ കഞ്ഞിക്കലത്തിൽ ഒരു തവി പൊടിയരിക്കഞ്ഞിയെങ്കിലും കാണാതിരിക്കില്ല.

മൂത്തമ്മയുടെ ആതിഥ്യം സ്വീകരിക്കാത്തവരായി ആ പ്രദേശത്തൊന്നും ആരും ഉണ്ടായിരുന്നില്ല. ജീവജാലങ്ങൾ പോലും.

"ഞാൻ കണ്ണു പൊട്ടനായതുകൊണ്ട്... ങ്ങള് രക്ഷപ്പെട്ട്... ന്ന് കൂട്ടിക്കോ...! ഇല്ലെങ്കില്... ഞാനിതിറ്റിങ്ങളെയൊക്കെ സ്വന്തമായി പോറ്റി പുണ്യങ്ങളൊക്കെ സ്വന്തമാക്കാ... യ് നും. ഇവിടുത്തെ പവറൊക്കെ ഈ മിണ്ടാപ്രാണികളുടെ പുണ്യാ..."

ആ വീട്ടിൽ മായൻകുട്ടിയുടേതായി ഒരുപാട് ജീവികളുണ്ട്. ആട്, കോഴി, പൂച്ച, മൈന, താറാവ്, അണ്ണാൻ... അങ്ങനെ... അങ്ങനെ...

വിചിത്രമായ ഒരു ശബ്ദം പുറപ്പെടുവിക്കുന്ന

തിലൂടെ അവയെയെല്ലാം വിളിച്ചുവരുത്താൻ മായൻകുട്ടിക്ക് അപാരമായ സിദ്ധിയുണ്ടായിരുന്നു.

മായൻകുട്ടിയുടെ കയ്യും മെയ്യും പക്ഷികൾക്കും അണ്ണാറക്കണ്ണൻമാർക്കും ചില്ലകളാവും. നീണ്ട ടൗസറിന്റെ തുമ്പ് ആട്ടിൻകുട്ടികൾ പ്ലാവില പോലെ കടിച്ചു പറിക്കും.

പൂച്ചകൾ വാലു നിവർത്തി, പുറം വളച്ച് കാലിൽ മുട്ടിയുരുമ്മും.

"കണ്ട കാക്കേന്റേം... പൂച്ചേന്റേം.... കൂടെ നടന്ന് കയ്യും കാലും കഴുകാതെ വെയ്ക്കാൻ വന്നാ... ന്റെ കുന്നി ഞാൻ പിടിക്കും."

ഭക്ഷണം കഴിക്കാൻ നേരമായെന്ന് മായൻകുട്ടി മനസ്സിലാക്കുന്നത് മൂത്തമ്മയുടെ ഈ ശാസനയിലൂടെയാണ്.

അലക്കുകല്ലിനടുത്തുചെന്ന് സാബൂൻ* തൊട്ട് കയ്യും കാലും മുഖവും കഴുകി തപ്പിത്തടഞ്ഞ് അടുക്കളവരാന്തയിലെ പത്തായത്തിൽ കയറിയിരിക്കുമ്പോഴേക്കും മൂത്തമ്മ ഭക്ഷണവുമായി വന്നിട്ടുണ്ടാവും.

"പടച്ച തമ്പുരാനെ ഈ കണ്ണുപൊട്ടന്റെ വിളക്കായ ഈ കുഞ്ഞിമത്താത്താനേ... ഞ്ഞി കാത്തോളണേ..."

ഭക്ഷണത്തിനു മുന്നിൽ നിന്നുള്ള മായൻകുട്ടിയുടെ പ്രാർത്ഥന കേൾക്കുമ്പോൾ മൂത്തമ്മയുടെ മുഖത്ത് നിലാവ് പരക്കും.

✷



*സാബൂൻ : സോപ്പ്


## യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി

### വരിക്കാരാവൽ ഇപ്പോൾ വളരെ എളുപ്പം

www.ksspublications.com എന്ന വെബ്സൈറ്റിൽ നിന്ന് ഓൺലൈനായി പണമടയ്ക്കാം, വരിക്കാരാവാം.

സ്കാൻ ചെയ്യൂ, വരിക്കാരാകൂ

വാർഷിക വരിസംഖ്യ

**യുറീക്ക– ₹ 300** **ശാസ്ത്രകേരളം– ₹ 200** **ശാസ്ത്രഗതി– ₹ 200**

ഓൺലൈനിൽ വായിക്കാൻ: www.magzter.com www.readwhere.com



ഉത്തരംകോട് ശശി

ചിത്രീകരണം: കെ.സതീഷ്

# ഫോക്‌ലോർ എന്നാൽ



നാട്, അറിവ് എന്നീ രണ്ടു മലയാളവാക്കുകൾ കൂടിച്ചേരുമ്പോൾ ഉണ്ടാകുന്നതാണ് നാട്ടറിവ്, അല്ലേ. നടുന്ന ഇടമാണ് നാട്, അതായത് കൃഷി ചെയ്യുന്ന സ്ഥലം. എന്നാൽ നാട്ടറിവ് എന്നു പറയുന്നത് സവിശേഷമായ അറിവ് എന്ന ആശയം വ്യക്തമാക്കാൻ വേണ്ടിയാണ്. സമൂഹവുമായി അതിന് വേർപെടുത്താനാവാത്ത ബന്ധമുണ്ട്. പൊതു സ്വഭാവമുള്ളവരും അറിവുകൾ പരസ്പരം പങ്കുവെക്കുന്നവരും ചില പാരമ്പര്യങ്ങൾ സൂക്ഷിക്കുന്നവരുമായ കൂട്ടമാണത്. ഈ കൂട്ടായ്മ സൃഷ്ടിക്കുന്ന അറിവാണ് നാട്ടറിവ്. സമൂഹത്തെപ്പറ്റി പഠിക്കുന്ന ശാസ്ത്രങ്ങളിൽ (social science) ഒന്നായി ഫോക്‌ലോറിനെ കണക്കാക്കുന്നു.


നാട്ടറിവിന് ഏതാണ്ട് തുല്യമായ ഇംഗ്ലീഷ് വാക്കാണ് ഫോക്‌ലോർ (folklore). Folk, lore എന്നീ രണ്ടു വാക്കുകൾ ചേരുമ്പോൾ folklore ഉണ്ടാകുന്നു. Folk എന്നതിന് ഫോക് ഡാൻസ്, ഫോക് സോംഗ് എന്നീ പദങ്ങളിൽ കൽപ്പിച്ചിട്ടുള്ള അർത്ഥമല്ല ഇവിടെ ഉള്ളത്. ഏതെങ്കിലും തുല്യ സ്വഭാവമുള്ള കൂട്ടായ്മയാണത്. ഒരേ ജാതിയിൽപ്പെട്ടവരെ ഒരു ഫോക് ആയി ഗണിക്കാം. ഇനി 'ലോറി'ന്റെ അർത്ഥം നോക്കാം. അറിവു തന്നെയാണ് ലോർ (വിജ്ഞാനം). പ്രത്യേക സമൂഹം അവരുടെ ആവശ്യത്തിനുവേണ്ടി ഉൽപ്പാദിപ്പിക്കുന്ന അറിവാണ് ലോർ.




ജീവിതവുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും നാട്ടറിവിൽ ഉൾപ്പെടുന്നു. ഏറ്റവും ജനകീയമായ വിഷയമാണ് ഫോക്‌ലോർ. വാമൊഴി പാരമ്പര്യത്തിൽപ്പെടുന്ന നാടൻഭാഷ, പഴഞ്ചൊല്ല്, കടങ്കഥ, ശൈലി, നാടോടിക്കഥ, നാടോടിപ്പാട്ട് എന്നിവയെല്ലാം നാട്ടറിവിന്റെ മേഖലകളാണ്. കാക്കാരിശ്ശിനാടകം, മുടിയേറ്റ്, തെയ്യം, തിറ, പടയണി, കാളിയൂട്ട് തുടങ്ങിയ ദൃശ്യകലകളും നാട്ടറിവാണ്. 'കൂട്ടായ്മ'യുടെ ആചാരങ്ങൾ, വിശ്വാസങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവ, മതപരമായ ചടങ്ങുകൾ ഇവയും ഫോക്‌ലോർ തന്നെ. നാടൻ കൈവേല, നാടൻ വാസ്തുവിദ്യ, നാടൻ പാചകം, നാടൻ വൈദ്യം എന്നിങ്ങനെ ഭൗതിക സംസ്കാരവുമായി ബന്ധമുള്ളതും ഫോക്‌ലോറിന്റെ ഭാഗമാണ്.

വില്യം തോമസ് എന്ന പണ്ഡിതൻ ആദ്യമായി ഫോക്‌ലോർ എന്ന പദം ഉപയോഗിച്ചതിന്റെ ഓർമയ്ക്കാണ് (1846 ആഗസ്റ്റ് 22) ആ ദിവസത്തെ ലോക ഫോക്‌ലോർ ദിനം (Wold Folklore Day) ആയി ആഘോഷിക്കുന്നത്. വിദേശരാജ്യങ്ങളിലെ പലയിടത്തും ഇതിന് നല്ല പ്രചാരം കിട്ടിയിട്ടുണ്ടെങ്കിലും നമ്മുടെ രാജ്യത്ത് അങ്ങനെയായിട്ടില്ല. കേരളത്തിൽ ആദ്യമായി ഫോക്‌ലോർ മ്യൂസിയം (നാടൻ ദ

ഡോ.ചുമ്മാർ ചൂണ്ടൽ, ഡോ.എം.വി.വിഷ്ണു നമ്പൂതിരി, ഡോ.രാഘവൻ പയ്യനാട്, ജി.ഭാർഗവൻപിള്ള, ഡോ.കെ.കെ. എൻ.കുറുപ്പ്

ശ്യകലാമന്ദിരം) ഉണ്ടായത് തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്ടാണ്. കേരള പുരാവസ്തു വകുപ്പിന്റെ കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്. കണ്ണൂർ കേന്ദ്രമാക്കി ഗവൺമെന്റിന്റെ വകയായി കേരള ഫോക്‌ലോർ അക്കാദമി പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് സർവകലാശാലയിലും തിരൂർ മലയാളം സർവകലാശാലയിലും ഫോക്‌ലോർ പ്രത്യേക വിഷയമായി പഠിപ്പിച്ചുപോരുന്നുമുണ്ട്. പഠനവും ഗവേഷണവും ഈ സ്ഥാപനങ്ങളിൽ നടന്നുവരുന്നു.

1980 കളോടെയാണ് ഒരു വിജ്ഞാനശാഖ എന്ന നിലയിൽ ഫോക്‌ലോറിനെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ കേരളത്തിൽ ധാരാളമായി രചിക്കപ്പെട്ടു തുടങ്ങിയത്. ഡോ.ചുമ്മാർ ചൂണ്ടൽ, ഡോ.എം.വി.വിഷ്ണു നമ്പൂതിരി, ഡോ.രാഘവൻ പയ്യനാട്, ജി.ഭാർഗവൻപിള്ള, ഡോ.കെ.കെ. എൻ.കുറുപ്പ് തുടങ്ങി ഒട്ടേറെ പേർ ഈ രംഗത്ത് ശ്രദ്ധേയമായ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഫോക്‌ലോർ എന്താണെന്ന് ശാസ്ത്രീയമായി വിശദീകരിക്കാനും ഇവർ ശ്രമിച്ചിട്ടുണ്ട്.

സ്കൂൾ പാഠപുസ്തകങ്ങളിൽ നാട്ടറിവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നാടൻപാട്ടുകൾ, കഥകൾ, കടങ്കഥ, പഴഞ്ചൊല്ല്, ആചാരമര്യാദകൾ, നാടൻ കലകൾ, വാമൊഴി ഭാഷ എന്നിവയെ ആധാരമാക്കിയുള്ള പാഠഭാഗങ്ങളെല്ലാം ഇതിൽപ്പെടും.

നമ്മുടെ സംസ്കാരവും പൈതൃകവുമാണ് ഫോക്‌ലോറിൽ അടങ്ങിയിട്ടുള്ളത്. പഴയ തലമുറയുടെ അറിവുകളുടെ തുടർച്ചയാണ് മാറ്റങ്ങളോടുകൂടി നാം ഇന്ന് സാങ്കേതിക മാർഗങ്ങളിലൂടെ കൈകാര്യം ചെയ്തുപോരുന്നതെന്ന് തിരിച്ചറിയാൻ ഫോക്‌ലോർ പഠനം കൂടിയേ തീരൂ. ✷

**ആവിഷ്കരണം : കുട്ടികളുടെ രചനാപൂരം**
*ആശംസകളോടെ...*

# Kerala State Warehousing Corporation
(A Statutory Corporation)

**The Service and Facilities Provide**

- **CREDIT FACILITIES** - Through Pledge of Negotiable Warehouse Receipt with Bank.
- **SCIENTIFIC STORAGE** - Through a Chain of over 56 Warehouses across the State at reasonable rates.
- **ORDERLY MARKETING** - Facility for Handling, Grading, Storage and Distribution of Commodities on Behalf of Depositor at Important Marketing and Consuming Centres.
- **INSURANCE/INDEMNIFICATION STOCKS** - Which Keeps the Depositor Indemnified Against Loss of Damage due to the Fire and Burglary.
- **DISINFESTATION EXTENSION SERVICE** - Total Pest Control Work Scientifically and up to the Full Satisfaction of the customer.
- **RODENT CONTROL** - We are in forefront of Rat control campaign through Govt. agencies using a ready to use eco-friendly anti- coagulant rate bait formulated by KSWC -"RODOFOE"
- **CFS & BONDED WAREHOUSE** – Import/Export related services and Bonded Warehouse facility for the storage of Bonded Cargo are available at our Container Freight Station, Mukkottil Temple Road, Poonithura, Petta.

For more details please contact:
**Kerala State Warehousing Corporation, Head Office,**
P.B. No. 1727, Kochi - 682016
Ph: 0484-2375537, 2376269, 2376616, Fax: 2376339
email: kerwacor@gmail.com, website: kerwacor.com

സുരഭിവചന

# കാഴ്ചപ്പുറം

മാർച്ച് 3
ലോക വന്യജീവി
ദിനം

ദിനാചരണം



March 3

WORLD
WILDLIFE
DAY.

## വന്യജീവിക

ഐക്യരാഷ്ട്രസഭയുടെ ജനറൽ അ
എന്നെന്നോ? 2013 ൽ. വന്യജീവികളെയും സ
മൃഗങ്ങൾക്കെതിരെ വിവിധ തരത്തിലുള്ള
എതിരായിരുന്നു ഇവ. ജനങ്ങൾക്കിടയിൽ ബേ
ലോക വന്യജീവി ദിനമായി കൊണ്ടാടുന്നു.

പക്ഷി

## നിരീക്ഷിക്കാൻ മറക്കേണ്ട

പക്ഷിക്ക് പക്ഷി ശത്രുവാകാറുണ്ടോ?

എന്നാൽ അങ്ങനെയുണ്ട്. കാക്കയെയും പരുന്തിനെയുമെല്ലാം പുറകെപ്പാറിച്ചെന്ന് കൊത്തി ഓടിക്കുന്ന ഒരു ചെറുപക്ഷിയെ നിങ്ങളിൽ ചിലരെങ്കിലും കണ്ടിട്ടുണ്ടാവും.

ആനറാഞ്ചിപ്പക്ഷിയാണത്. പറമ്പുകളിലും പാടങ്ങളിലും അവയ്ക്ക ചുറ്റുമുള്ള കുറ്റിക്കാടുകളിലും സാധാരണ ഇവയെ കാണാം. കാക്കയെപ്പോലെ കറുപ്പാണ് നിറം. നീളംകൂടിയ വാലറ്റം പിരിഞ്ഞിരിക്കും.

ഇവ കൂടുകെട്ടുന്ന മാസമാണിത്. മാർച്ച് മാത്രമല്ല ഏപ്രിൽ മെയ് മാസങ്ങളിലേക്കും കൂടുകെട്ടൽ നീളും. പനയുടെ മുകളിലും കുറ്റിക്കാടുകളിലുമാണ് പനനാരുകളും പുൽത്തണ്ടുകളും നേരിയ വേരുകളും ഉപയോഗിച്ചുള്ള കൂട് നിർമിക്കുന്നത്. ഇനി ഇവയെ നിരീക്ഷിക്കാൻ മറക്കരുതേ.



പുതിയവാർത്ത

## വെറുതെ ന

അന്റാർട്ടിക്കയിൽ തടാക മേ
പേരിലാണ്. കൊടും തണുപ്പിൽ വെ
ഭാഗം. ഈ വെള്ളത്തിലൂടെ വെറും സ
അണിഞ്ഞ് ഒരാൾ നീന്താനിറങ്ങിയ
എന്നാൽ അങ്ങനെ ഒന്ന് നടന്
രന്നും! പേര് ലെവിസ് പ്യൂ (Lewis pu
ഗിന്നസ്ബുക്കിൽ കയറിപ്പറ്റാ
സാഹസം. പിന്നെയോ? കാലാവസ
ബോധ്യപ്പെടുത്താനായിരുന്നു നീന്ത
മ



# കൾക്കൊപ്പം

സംബ്ലി അതിന്റെ ചരിത്രത്തിലാദ്യമായി വന്യജീവിദിനം ആചരിച്ചു.
ാസ്യജാലങ്ങളെയും സംരക്ഷിക്കാനായിട്ടായിരുന്നു ഇത്.
ആക്രമണങ്ങൾക്കും വൻതോതിലുള്ള വനനശീകരണത്തിനും
വാധവൽക്കരണം നടത്തി അന്നു മുതൽ എല്ലാ വർഷം മാർച്ച് 3

## ീന്തിയതല്ല...

ഖല അറിയപ്പെടുന്നത് ഐസ് ഷീറ്റ് എന്ന
വള്ളം ഉറഞ്ഞ് ഗ്ലാസ് പോലെ കിടക്കുന്ന
്വിമ്മിങ്ങ് സ്യൂട്ടും തൊപ്പിയും ഗോഗിളും മാത്രം
ാൽ എന്തു സംഭവിക്കും?
നു. നീന്താനിറങ്ങിയതോ ഒരു അമ്പതുകാ
ugh).
നൊന്നുമല്ലായിരുന്നു അദ്ദേഹത്തിന്റെ
ഥാവ്യതിയാനത്തിന്റെ തീവ്രത ലോകത്തെ
ൽ. ഈ മേഖലയിൽ അതിവേഗത്തിലാണ്
ഞ്ഞുരുകുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ക്യൂ ആർ കോഡ്
സ്കാൻ ചെയ്യൂ.

## സമ്മാനച്ചോദ്യം



### പൂരിപ്പിക്കൂ...

**കേ**രളത്തിൽ ഏറ്റവും കൂടുതൽ വിനോദസഞ്ചാരികൾ എത്തുന്ന സ്ഥലം ഏതെന്ന് ചോദിച്ചാൽ ഉത്തരം മൂന്നാർ എന്നാണ്.

ഇടുക്കി ജില്ലയിലാണ് മൂന്നാർ. മൂന്നു നദികളുടെ സംഗമസ്ഥാനമായതുകൊണ്ടാണ് ഈ പേരു വന്നത്.

മുതിരപ്പുഴ, നല്ല തണ്ണി,


____________________

വിട്ട ഭാഗത്ത് ഒരു നദി കൂടിയുണ്ട്.
ആ പേര് എഴുതി അയയ്ക്കുന്നവർക്ക് നറുക്കെടുപ്പിലൂടെ സമ്മാനം. ഉത്തരം ഇതാ ഈ വാട്ട്സ് ആപ്പ് നമ്പറിൽ അയച്ചോളൂ 9497172919.

**അവസാന തിയ്യതി : മാർച്ച് 10.**



ഞാറ്റടി



# അത്ഭുതങ്ങൾ എവിടെപ്പോയി?

**ശ്രീനന്ദ പി പി,** 5 A, മെഡിക്കൽ കോളജ് പബ്ലിക് സ്കൂൾ,
പരിയാരം, കണ്ണൂർ – 670503

ചിത്രീകരണം: **അഭിയുദ് യു,**
5 എ, ജി ഡി ഇ എം എസ്, ഗുരുവായൂർ, തൃശ്ശൂർ.

അമ്മു എന്ന കുട്ടിയും അപ്പു എന്ന കുട്ടിയും സൈക്കിളിൽ പോവുകയായിരുന്നു. കുറെ കുറെ പോയപ്പോൾ ഒരു കാട്. അതിനകത്ത് കുറെ മൃഗങ്ങൾ.

"നമ്മക്ക് ഇതിന്റാത്ത് കേരിയാലോ?" അമ്മു ചോദിച്ചു.

"ആ... വാ നമ്മക്ക് കേരി നോക്കാ എന്താന്ന്ന്ന്.. " അപ്പുവിനും സമ്മതം.

"ഇതേതു ഭാഷയാണ്, മക്കളേ?" അടുത്തുകൂടെ പോയ ഒരാൾ ചോദിച്ചു.



"നമ്മള സ്വന്തം കണ്ണൂര് ഭാഷ. നിങ്ങയൊന്നും കണ്ണൂര് വന്നിറ്റില്ലേ? നമ്മള് ഈട കൊർച്ച് മാസം നിക്കാൻ വന്നയാന്ന്. ഈട ഇടുക്കീല്."

പെട്ടെന്ന് ഒരു വാതിൽ തുറന്നു. അവർ അകത്തു കയറി. അകത്ത് നിറച്ചും ഇരുട്ട്!

ഒരു വെടി പൊട്ടുന്ന ശബ്ദം! അവർ പേടിച്ചു വിറച്ചു. അമ്മുവിന്റെ കൈ ഒരു മരത്തിൽ മുട്ടി.

അത്ഭുതം! വെളിച്ചം പരന്നു. കളറു കളറു ലൈറ്റുകൾ അങ്ങനെ കത്തുന്നു!

പിന്നേയും വെടി പൊട്ടി! രണ്ടു ആനക്കുട്ടന്മാരാണ് വെടി വെക്കുന്നത്! തൊട്ടപ്പുറത്ത് തത്തകളും കുരങ്ങന്മാരും സർക്കസ് കളിക്കുന്നു!

ജിറാഫും കടുവകളും ചേർന്ന് അമ്മുവിനേയും അപ്പുവിനേയും സ്വാഗതം ചെയ്തു. മുന്നോട്ടു നടന്നപ്പോൾ ഒരു സദസ്സ്. വേദിയിൽ ഒരു ആൺ സിംഹവും പെൺസിംഹവും ഉണ്ട്!

"സിംഹത്തിന്റെ കല്യാണമാണ്!" അമ്മു പെട്ടെന്ന് കാര്യം മനസ്സിലാക്കി. അത്ഭുതക്കാഴ്ച തന്നെ!

ഇരിപ്പിടം നോക്കി നടക്കുന്നതിനിടയിൽ അമ്മു കടുവയുടെ കാലിൽ തട്ടി താഴെ വീണു.

അമ്മുവിന്റെ അമ്മ ഓടി വന്നു. അമ്മുവിനെ എടുത്തു കിടക്കയിൽ കിടത്തി.

അമ്മു കൺതുറന്നു.

മുന്നിൽ അത്ഭുതക്കാഴ്ചകൾ ഒന്നും കാണാനില്ല!

# മഴ പെയ്യുമ്പോൾ ...

**ജെ.സി.എസ് ഗൗരീശങ്കർ,**
5A, ജയ്റാണി എസ് എ ബി എസ് പബ്ലിക് സ്കൂൾ, ബാല്യശ്ശേരി, കോഴിക്കോട്– 673612.

മഴ പെയ്യുന്നു,
മഴയിൽ കളിക്കാൻ
കൊതിയേറുന്നു.
വെള്ളമൊഴുകുന്നു
മുറ്റവും തൊടിയും
പുഴ പോലെയായി.
തോണിയുണ്ടാക്കാം
തോണിയിൽക്കേറി
തുഴയാം രസിക്കാം.



ചിത്രീകരണം: **ആരവ് ചന്ദ്,** 2 ാം തരം, അൽഹുദ സ്കൂൾ, കരിപറമ്പ്, മലപ്പുറം.

## കവിതയും കിനാവും

കവിത എഴുതാനാണ് അധികം കുട്ടുകാർക്കും ഇഷ്ടം. പക്ഷേ, കവിതകൾ വായിക്കാൻ അത്ര ഇഷ്ടമല്ല എന്ന് എഴുതിയ കവിത വായിച്ചാൽ അറിയാം. അതെന്താ ന്നോ? കവിത കള്ളം പറയില്ല. മഴയെക്കുറിച്ച് കവിത എഴുതിയ ഗൗരീശങ്കറിനും വായനയുടെ കുറവുണ്ട്. വായിക്കൂ. അതിലേറെ കിനാവു കാണൂ. നല്ല കിനാവുകൾ നല്ല കവിതയാവട്ടെ.

ശ്രീനന്ദ കിനാവിനെ കിനാവു കണ്ടതാണ് കഥയായത്. കിനാവല്ലേ, യുക്തി വേണ്ട. എന്നാൽ കണ്ണൂരു ഭാഷ പറഞ്ഞ് കിനാവിലേക്കുള്ള സൈക്കിൾ യാത്ര രസകരം. സ്വപ്നം എഴുതി വച്ചാൽ മതി സ്വപ്നം കണ്ടതാണ് എന്നെഴുതേണ്ട എന്ന് ശ്രീനന്ദയ്ക്ക് ഇപ്പോൾ മനസ്സിലായിട്ടുണ്ടാവും, ല്ലേ?



ചിത്രീകരണം: **രഞ്ജിഷ യു,** 1 എ, എ എം എ എൽ പി എസ്, കുറ്റിപ്പള്ളം, പാലക്കാട്.

**സഹചാരി**



ശിവപ്രസാദ് പാലോട്

ചിത്രീകരണം: കെ.സതീഷ്

# പറക്കും തളിക

ആതിരയുടെ വീട്ടുമുറ്റത്തെ തെങ്ങിൽ തലേന്ന് രാത്രിയിൽ പറക്കുംതളിക വന്നിറങ്ങിയതായും അതിൽനിന്ന് വിചിത്രാകൃതിയിലുള്ള ജീവികൾ ഇറങ്ങി വന്ന് പാതിരാത്രിയിൽ വാതിലിൽ മുട്ടി വെള്ളം ചോദിച്ചതായും സ്കൂളിൽ പാട്ടായിരുന്നു.

പോരാത്തതിന് പറക്കും തളികയുടെ ഭാഗങ്ങൾ അവൾ ബാഗിൽ കൊണ്ടുവരികകൂടി ചെയ്തതോടെ ആതിരയുടെ കഥ ഹിറ്റായി. കഥയിലെ പുള്ള തേടിയാണ് അഭിനന്ദ് സയൻസ് മാഷിന്റെ അടുത്തേക്കോടിയത്.

“മാഷേ, ആതിരയുടെ വീട്ടിൽ ഇന്നലെ പറക്കുംതളിക വന്നിറങ്ങിയത്രേ.”

“അതേയ് അവൾ സ്വപ്നജീവി അല്ലേ... വല്ല സ്വപ്നവും കണ്ടു പറഞ്ഞതാവും.” സൗമ്യട്ടീച്ചറുടെ വാക്കുകൾ കേട്ട് സ്റ്റാഫ് മുറിയിൽ എല്ലാരും ചിരി തുടങ്ങി.

“അല്ല മാഷേ... പറക്കും തളികയുടെ ഭാഗമായ ബലൂണും നൂലും പിന്നെ ഒരു ബൾബ് കത്തുന്ന പെട്ടിയും അവൾ കൊണ്ടുവന്നിട്ടുണ്ട്.”

സംഗതിയിൽ എന്തോ കിടപ്പുണ്ടെന്ന് മനസ്സിലായതോടെ താടിയും ഉഴിഞ്ഞ് ഒരു നിമിഷം ചിന്തിച്ച് മാഷ് ക്ലാസിലേക്ക് ചെന്നു.

അവിടെ അപ്പോൾ പൂരത്തിന്റെ തിരക്കാണ്. ആള് കൂടിയതോടെ അത്ഭുതജീവികൾ സംസാരിച്ച ഭാഷ, നടത്തം ഒക്കെ അഭിനയിച്ചു തകർക്കുകയാണ് ആതിര.

മേശപ്പുറത്ത് ഒരു തെർമോക്കോൾ പെട്ടി ഇരിക്കുന്നുണ്ട്. അതിൽ നിന്നും ഒരു ആന്റിന പുറത്തേക്ക് നിൽക്കുന്നു. ചുകന്ന ഒരു എൽ.ഇ.ഡി. ബൾബ്, ഒരു പൊട്ടിയ ബലൂൺ, നൂലും...

മാഷ് ഉപകരണം തിരിച്ചും മറിച്ചും നോക്കി.

“മാഷെ അത് പൊട്ടും. ഞങ്ങൾക്ക് പേടിയുണ്ട്.”






ദേവികയും ദിയയുമെല്ലാം ഇത്തിരി മാറിയാണ് നിൽപ്പ്. മാഷ് ശ്രദ്ധാപൂർവം പെട്ടി തുറന്ന് അതിനുള്ളിലെ ഇലക്ട്രോണിക് ഭാഗം കുട്ടികൾക്ക് കാണിച്ചുകൊടുത്തു.

"ആതിരേ ഇത് പറക്കും തളികയൊന്നുമല്ല. ഇതാണ് റേഡിയോ സോണ്ട്. ഇത് കാലാവസ്ഥാനിരീക്ഷണത്തിനായി ഗവേഷണകേന്ദ്രങ്ങളിൽ നിന്നും അയയ്ക്കുന്നതാണ്. അതിനെ ഉയർത്തിവിടാനാണ് ഈ ബലൂൺ. അത് പൊട്ടിയപ്പോളാണ് ഉപകരണം താഴെ വീണത്. ബലൂണിൽ കെട്ടിയ ഉപകരണം ആകാശത്ത് സഞ്ചരിക്കും. അന്തരീക്ഷത്തിന്റെ താപനില, ജലബാഷ്പത്തിന്റെ അളവ് എന്നിവ തിരിച്ചറിയുന്നതിനുള്ള സെൻസറുകൾ ഇതിലുണ്ടാകും. ഇതിൽ നിന്നുമുള്ള സിഗ്നലുകൾ കേന്ദ്രങ്ങളിൽ ലഭിച്ചുകൊണ്ടേ ഇരിക്കും. പക്ഷികൾ കൊത്തിയോ വലിയ മരങ്ങളിൽ ഉടക്കിയോ ബലൂൺ പൊട്ടുമ്പോൾ ഉപകരണം താഴെ വീഴും. അതാണ് സംഭവം."

"നമുക്കിതിനെ നമ്മുടെ ലാബിൽ സൂക്ഷിക്കാം മാഷെ." ഫഹദിന് ആശയം പൊട്ടിമുളച്ചു. അങ്ങിനെ റേഡിയോ സോണ്ട് ലാബിൽ ഇരിപ്പിടമുറപ്പിച്ചു.

"അപ്പോൾ പറക്കും തളികയിൽ വന്നിറങ്ങിയ ജീവികളോ മാഷേ...? " ദേവിക വിട്ടുകൊടുക്കാൻ ഭാവമില്ലായിരുന്നു.

"അത് ആതിര നിങ്ങളെ പറ്റിക്കാൻ പറഞ്ഞതാ, അല്ലേ ആതിരേ..." മാഷ് ആതിരയ്ക്ക് നേരെ തിരിഞ്ഞു.

✷




*ഏറ്റവും പഴക്കമുള്ള കായിക ഇനമാണ് അത്‌ലറ്റിക്സ്. ഏറ്റവും ദൈർഘ്യമേറിയ അത്‌ലറ്റിക്സ് ഇനമേതെന്ന് അറിയാമോ? അതാണ് നടത്തം. ഒളിമ്പിക്സിലെ ഒരു നടത്തമത്സരത്തിന്റെ ദൂരം 50 കി.മീറ്ററാണ് (20 കി.മീറ്റർ മത്സരവും ഉണ്ട്).*

ഓർമ യുറീക്ക@50

യുറീക്ക പ്രസിദ്ധീകരണത്തിന്റെ അമ്പതാം വർഷത്തിലേക്ക് പ്രവേശിച്ചു. പിന്നിട്ട വർഷങ്ങളിലെ ചില മികച്ച രചനകൾ വായനക്കാർക്ക് പരിചയപ്പെടുത്തുകയാണ് ഈ സന്തോഷവേളയിൽ. 2002 മാർച്ച് ലക്കത്തിൽ വന്ന റഷ്യൻ കഥ കാണൂ.

# തുമഞ്ഞിന്റെ കണ്ണുനീർ

പുനരാഖ്യാനം : **പ്രമോദ് തൃത്തല്ലൂർ**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

മഞ്ഞുകാലം അവസാനിക്കാറായിരിക്കുന്നു. മഞ്ഞുകട്ടകൾ അൽപ്പാൽപ്പമായി പൊഴിയുന്നുണ്ട്. കുറച്ചേ ഉണ്ടായിരുന്നുള്ളൂവെങ്കിലും അവ വളരെ മനോഹരങ്ങളായിരുന്നു. ഞാൻ പറയാൻ പോകുന്നത് അവയിൽ ഏറ്റവും സുന്ദരിയായൊരു മഞ്ഞുകട്ടയുടെ കഥയാണ്. നമുക്കവളെ തുമഞ്ഞ് എന്നു വിളിക്കാം.

സഹോദരിമാർക്കൊപ്പം താഴോട്ടു വീണുകൊണ്ടിരിക്കുകയാണ് തുമഞ്ഞ്. അവൾ താഴേക്കു നോക്കി. എങ്ങും ചെടികളും പൂക്കളും കിളികളും പൂമ്പാറ്റകളും! മനോഹരമായ ഭൂമി. ആഹ്ലാദം കൊണ്ട് അവളുടെ കണ്ണുകൾ വിടർന്നു. പക്ഷേ,



ആഹ്ലാദം അധികം നീണ്ടുനിന്നില്ല. മറ്റൊരു കാഴ്ച അവളെ ഞെട്ടിച്ചുകളഞ്ഞു. താഴെ വന്നിറങ്ങിയ സഹോദരിമാർ ഓരോരുത്തരായി അലിഞ്ഞു പോകുന്നു. മണ്ണിൽ ചെറിയൊരു നനവുമാത്രം അവശേഷിപ്പിച്ചുകൊണ്ട്!

"അയ്യോ... മണ്ണിൽ വന്നിറങ്ങുമ്പോൾ ഞാനും ഉരുകിപ്പോകുമോ? വേണ്ട. എനിക്ക് ഉരുകിപ്പോകണ്ട. ഈ സുന്ദരമായ ഭൂമിയിൽ എനിക്കും ജീവിക്കണം." അവൾ കൈകാലിട്ടടിച്ചു കരഞ്ഞു.



ആകാശത്തിലിരുന്ന അമ്മ, തുമഞ്ഞിന്റെ കരച്ചിൽ കേട്ടു. അവരുടെ ഹൃദയം തേങ്ങി.

"മോളേ... നീ കരയേണ്ട." അമ്മയുടെ ശബ്ദമാണ്. തുമഞ്ഞ് മുകളിലേക്കു നോക്കി. വാത്സല്യമൂറുന്ന അമ്മയുടെ മുഖം.

"നീ കരയേണ്ട... നിന്റെ ആഗ്രഹം പോലെത്തന്നെ നടക്കും. നീയിനി ഉരുകിപ്പോകില്ല. എന്താ സന്തോഷമായോ?"

തുമഞ്ഞിന് വാക്കുകൾ കിട്ടിയില്ല.

"ഇനി നീ ഒരിക്കലും കരയരുത്."

"ഇല്ലമ്മേ, ഇനി ഞാനൊരിക്കലും കരയില്ല." കണ്ണുകൾ തുടച്ചുകൊണ്ട് അവൾ അമ്മയ്ക്കു വാക്കുകൊടുത്തു. തുമഞ്ഞ് മെല്ലെ മണ്ണിലിറങ്ങി. അത്ഭുതം! അവൾ ഉരുകുന്നില്ല. സന്തോഷം അടക്കാനാവാതെ അവൾ തുള്ളിച്ചാടി.

അമ്മമേഘം കാറ്റിൽ കിഴക്കോട്ടു പറന്നുപോയി. മഞ്ഞുവീഴ്ച തീർന്നിരിക്കുന്നു. ആകാശം തെളിമയാർന്നു. വസന്തത്തിന്റെ ആരംഭമായി.

അപ്പോഴാണ് ഒരു പശു അതുവഴി വന്നത്. മഞ്ഞുകാലം മുഴുവൻ തൊഴുത്തിൽ കഴിച്ചുകൂട്ടിയ അവൾ ഒന്നു പുല്ലുമേയാനാണ് പുറത്തേക്കിറങ്ങിയത്. പക്ഷേ, പെട്ടെന്നാണ് തുമഞ്ഞിനെ പശു കണ്ടത്. പശുവിന് വിശ്വാസമായില്ല. അവൾ തന്റെ ഉണ്ടക്കണ്ണുകൾ തുറുപ്പിച്ച് തുമഞ്ഞിനെ സൂക്ഷിച്ചുനോക്കി.

"ദൈവമേ... ഒരു മഞ്ഞുകട്ടയോ? ഇത് ഉരുകുന്നുമില്ലല്ലോ."

നീണ്ട ചെവികളും ഉണ്ടക്കണ്ണുകളും വളഞ്ഞ കൊമ്പുകളുമുള്ള ഒരു ജീവിയെ തുമഞ്ഞ് ആദ്യമായി കാണുകയായിരുന്നു. അവളാദ്യമൊന്നമ്പരന്നെങ്കിലും പശുവിന്റെ പരിഭ്രമം കണ്ടപ്പോൾ അവൾക്ക് ചിരി വന്നു.

"അപ്പോൾ... മഞ്ഞുകാലം കഴിഞ്ഞിട്ടില്ല. മഞ്ഞുകാലം കഴിയാതെ പുല്ലുമേഞ്ഞു നടന്നാൽ പനിപിടിക്കും." പശു തൊഴുത്തിലേക്കു തന്നെ ഓടിപ്പോയി.

തുമഞ്ഞ് നടക്കാൻ തുടങ്ങി. നടന്നുനടന്ന് അവൾ ഒരു റോഡിലെത്തി. അപ്പോൾ അതുവഴി വന്ന ഒരു മോട്ടോർസൈക്കിളിനു പുറകിൽ ചാടിക്കയറി, അവൾ പട്ടണത്തിലെത്തി. അങ്ങുമിങ്ങും അലഞ്ഞുനടക്കുന്നതിനിടയിലാണ് നഗരത്തിനു നടുവിലെ പാർക്ക് അവളുടെ ശ്രദ്ധയിൽ പെട്ടത്. അനേകം ചെടികളും മരങ്ങളും പൂക്കളും ഒക്കെയുള്ള മനോഹരമായൊരു പാർക്ക്! അവിടെ ധാരാളം കുട്ടികൾ. ചിലർ ഊഞ്ഞാലാടുന്നു, ചിലർ സൈക്കിൾ സവാരിയിലാണ്. മറ്റു ചിലർ പന്തു

കളിക്കുന്നു. എങ്ങും കുട്ടികളുടെ കളിയും ചിരിയും. തുമഞ്ഞിനു സന്തോഷമായി.

അമ്മ തന്റെ കരച്ചിൽ കേട്ടതെത്ര നന്നായി. അല്ലെങ്കിൽ തനിക്കീ സുന്ദരമായ കാഴ്ചകളൊക്കെ നഷ്ടമായേനെ!

അവൾ കുട്ടികൾക്കരികിലേക്കു നടന്നു.

“ദേ... നോക്ക്. ഒരു മഞ്ഞുകട്ട. എന്തു രസം! പക്ഷേ, അതുരുകുന്നില്ല!” തുമഞ്ഞിനെ ആദ്യം കണ്ട കുട്ടി വിളിച്ചുപറഞ്ഞു. ഉരുകാത്ത മഞ്ഞുകട്ടയെ കാണാൻ കളികൾ നിർത്തി കുട്ടികൾ ഓടിവന്നു. അവർ അവൾക്കു ചുറ്റും കൂടി നിന്നു.

“ചിലപ്പോ ഇത് പ്ലാസ്റ്റിക്കുകൊണ്ടുള്ളതാകും. അതാ ഉരുകാത്തത്.”

“ഹേയ്... ഗ്ലാസുകൊണ്ടുണ്ടാക്കിയതാണെന്നാ തോന്നുന്നത്.”

“ഒന്നുമല്ല! അത് ശരിക്കുമൊരു മഞ്ഞുകട്ട തന്നെയാ... നോക്കിക്കോ. കുറച്ചു കഴിഞ്ഞാൽ അതുരുകും.”

കുട്ടികൾ തർക്കിച്ചുകൊണ്ടിരുന്നു. തുമഞ്ഞ് അവരെ നോക്കി പുഞ്ചിരിച്ചതേയുള്ളൂ.

എല്ലാവരുടെയും ശ്രദ്ധാകേന്ദ്രമായതിൽ അവൾക്കഭിമാനം തോന്നി. അവൾ ആ പാർക്കിൽ അങ്ങുമിങ്ങും ഓടിനടന്ന് നൃത്തം ചെയ്യാൻ തുടങ്ങി. ആർത്തുവിളിച്ചുകൊണ്ട് കുട്ടികൾ പുറകേയും.

നൃത്തത്തിന്റെ ലഹരിയിൽ നേരം പോയത് അവളറിഞ്ഞില്ല. പക്ഷേ, ഇരുട്ട് വീഴാൻ തുടങ്ങിയപ്പോൾ തുമഞ്ഞിന്റെ ആരാധകരെല്ലാം രക്ഷിതാക്കൾക്കൊപ്പം വീടുകളിലേക്കു മടങ്ങി. അവൾ വീണ്ടും തനിച്ചായി. ഇനിയൽപ്പം വിശ്രമിക്കാതെ വയ്യ. എവിടെയാണൊന്നു തല ചായ്ക്കുക? അധികം ദൂരത്തല്ലാതെ അവളൊരു കോളാമ്പിപ്പൂ കണ്ടെത്തി. പൂവിനുള്ളിൽ തനിക്കു സ്വസ്ഥമായുറങ്ങാനുള്ള സ്ഥലമുണ്ട്. കോളാമ്പിപ്പൂവിന്റെ മൃദുലതയിൽ അവൾ ചുരുണ്ടുകൂടി.

“ആരാണത്? എന്തൊരു തണുപ്പാണ് നിനക്ക്? ഞാൻ വിറയ്ക്കുന്നതു കണ്ടില്ലേ?”

കോളാമ്പിപ്പൂവിന് തണുപ്പ് സഹിക്കാനായില്ല.



“ഞാൻ അൽപ്പമൊന്ന് മയങ്ങിക്കോട്ടെ. വേഗമെഴുന്നേറ്റ് പോയിക്കൊള്ളാം.”

“വേണ്ട... വേണ്ട... നീയിവിടെ കിടന്നാൽ തണുത്തുവിറച്ച് ഞാൻ ചത്തുപോകും. വേഗം എഴുന്നേറ്റു പോയ്ക്കോ... ഉം വേഗം.”

കോളാമ്പിപ്പൂ ശക്തിയായി തലകുടഞ്ഞു. തുമഞ്ഞ് താഴെ കറുകപ്പുല്ലുകൾക്കു മുകളിലേക്ക് തെറിച്ചുവീണു. തണുപ്പുതട്ടിയ കറുകപ്പുല്ലുകളും പ്രതിഷേധിച്ചു. തുമഞ്ഞ് മെല്ലെ എഴുന്നേറ്റു. അവൾ വല്ലാതെ തളർന്നു പോയിരിക്കുന്നു. എവിടെയെങ്കിലും ഒന്നു ചുരുണ്ടുകൂടിയേ പറ്റൂ. അവൾ ആദ്യം കണ്ട നിരത്തിലൂടെ നടന്നു.

നേരം അർധരാത്രിയോടടുത്തിരിക്കുന്നു. തെരുവ് വിജനമാണ്. തെരുവു വിളക്കുകൾ മാത്രം മഞ്ഞ വെളിച്ചം പൊഴിച്ചുകൊണ്ടു നിന്നു.

അപ്പോഴാണ് അവളൊരു കുട്ടിയുടെ കരച്ചിൽ കേട്ടത്. നിരത്തിന്റെ വലതുവശത്തെ ഇരുനില വീട്ടിൽ നിന്നാണ്. അവൾ അങ്ങോട്ടു പറന്നു. കരച്ചിൽകേട്ട മുറിയിലേക്ക് കയറിച്ചെന്നു.

ഒരു കൊച്ചുകുട്ടി കട്ടിലിലിരുന്ന് അമ്മയെ വിളിച്ചു കരയുകയായിരുന്നു. പക്ഷേ, അവന്റെ അമ്മ നല്ല ഉറക്കത്തിലായിരുന്നു. കുട്ടിയുടെ കരച്ചിൽ അവർ കേൾക്കുന്നുണ്ടായിരുന്നില്ല. തുമഞ്ഞിന് സഹതാപം തോന്നി. അവൾ കുട്ടിയുടെ കട്ടിലിലേക്കു കയറി. അവന്റെ പുതപ്പിൽ കിടന്ന് തലകുത്തി മറിയാൻ തുടങ്ങി. തുമഞ്ഞിന്റെ സർക്കസ്സു കണ്ട് കുട്ടിക്ക് ചിരി അടക്കാനായില്ല. അവൻ അവളെയെടുത്ത് കൈവെള്ളയിൽ വെച്ചു. അവളപ്പോൾ കൈവെള്ളയിൽ നിന്ന് നൃത്തംചെയ്യാൻ തുടങ്ങി. കുട്ടി തുമഞ്ഞിനെയെടുത്ത് ഒരു പന്തുപോലെ മുകളിലേക്കെറിഞ്ഞു കളിച്ചു. അങ്ങനെ, കളിച്ചു കളിച്ച് അവൻ ഉറങ്ങിപ്പോയി.

അവളും നന്നായി തളർന്നുപോയിരുന്നു. കുട്ടിയുടെ നെഞ്ചിലെ ഇളം ചൂടുപറ്റി കിടന്നുകൊണ്ട് തൂമഞ്ഞും ഉറക്കമായി.

കുട്ടിയുടെ നിർത്താതെയുള്ള ചുമ കേട്ടാണ് അവളുണർന്നത്. മകന്റെ ഉറക്കെയുള്ള ചുമകേട്ട് അമ്മയും ഓടിയെത്തി. അവർ കുട്ടിയുടെ നെറ്റിയിൽ കൈവെച്ചു നോക്കി. പൊള്ളുന്ന ചൂട്. അമ്മ ഉടൻ തന്നെ ഡോക്ടറെ ഫോൺചെയ്തു വരുത്തി. കുട്ടിയെ പരിശോധിച്ച് ഡോക്ടർ പറഞ്ഞു. "ഇവന് ന്യുമോണിയ ബാധിച്ചിരിക്കുന്നു. കുട്ടിക്ക് വല്ലാതെ തണുപ്പ് പിടിച്ചിട്ടുണ്ട്."

"ഈശ്വരാ... എന്റെ മോന് എങ്ങനെയാണ് അസുഖം വന്നത്? ഈ മുറിയിൽ തീരെ തണുപ്പുണ്ടായിരുന്നില്ലല്ലോ. വൈകുന്നേരം കിടക്കുന്നതുവരെ അവനൊരു കുഴപ്പവും ഉണ്ടായിരുന്നുമില്ല."

കുട്ടിയെ വേഗം തന്നെ ആശുപത്രിയിലേക്ക് കൊണ്ടുപോയി.

തൂമഞ്ഞ് പുതപ്പിനടിയിൽ നിന്നും പുറത്തുവന്നു. താൻ കാരണമാണോ ആ കുട്ടിക്ക് അസുഖം വന്നത്? അവൾക്ക് വല്ലാത്ത ദുഃഖം തോന്നി. ഇനി ഇവിടെ കഴിച്ചുകൂട്ടുന്നത് ശരിയല്ല. അവൾ ജനലിലൂടെ പുറത്തേക്കു പറന്നു.

ഇനി എവിടെയാണൊരു അഭയം? അവൾ അടുത്തു കണ്ട ഒരു ചുമരിന്റെ ദ്വാരത്തിലേക്ക് കയറിപ്പറ്റി. അഴുക്കും പൊടിയും നിറഞ്ഞ ആ താവളത്തിലും തൂമഞ്ഞിന് സ്വസ്ഥമായി ഉറങ്ങാൻ കഴിഞ്ഞില്ല. പിന്നെ ഇടയ്ക്കിടെ ആ ദ്വാരത്തിലൂടെ കടക്കാൻ ശ്രമിച്ചുകൊണ്ടിരുന്ന പാറ്റകളുടെയും എട്ടുകാലികളുടെയും പ്രാക്കും!

"ഹൗ എന്തൊരു തണുപ്പാണിതിനുള്ളിൽ! ആരാണിവിടെ വലിഞ്ഞുകയറി കിടക്കുന്നത്?"

പക്ഷേ, മറ്റു വഴികളൊന്നുമില്ലാതിരുന്നതുകൊണ്ട് അവൾ എങ്ങനെയോ നേരം വെളുപ്പിച്ചു.

നേരം പുലർന്നപ്പോൾ എഴുന്നേറ്റ് പുറത്തിറങ്ങി. എങ്ങോട്ടെന്നില്ലാതെ നടന്നു. എങ്ങും തിരക്കാണ്. വാഹനങ്ങൾ ചീറിപ്പായുന്നു. ആളുകൾ എങ്ങോട്ടൊക്കെയോ ധൃതിപിടിച്ചു നടന്നുപോകുന്നു. കുട്ടികൾ സ്കൂളിലേക്കാണ്. പക്ഷികൾ ഇരതേടാനിറങ്ങിയിരിക്കുന്നു. എല്ലാവർക്കും തിരക്കാണ്. പക്ഷേ, തനിക്കു മാത്രം ഒന്നും ചെയ്യാനില്ല. എങ്ങോട്ടും പോകാനില്ല. ചുമരിലെ ഇരുളടഞ്ഞ ദ്വാരത്തിലേതിനേക്കാൾ ശബ്ദമുഖരിതമായ ആ തെരുവിൽ അവൾ ഒറ്റപ്പെട്ടതുപോലെ തോന്നി. മണ്ണിലിറങ്ങിയപ്പോഴേ അലിഞ്ഞുപോയ തന്റെ സഹോദരിമാരെ അവൾ ആദ്യമായി അസൂയയോടെ ഓർത്തു.

അവൾ ഈ മടുപ്പിക്കുന്ന ഏകാന്തത അനുഭവിക്കേണ്ടി വന്നില്ലല്ലോ. അവർ ആരെയും വേദനിപ്പിച്ചുമില്ല. താനോ? ആർക്കും വേണ്ടാതെ, ആരും സ്നേഹിക്കാനില്ലാതെ അലഞ്ഞു നടക്കുന്നു.

അറിയാതെ അവളിൽ നിന്നൊരു നെടുവീർപ്പുയർന്നു.

അങ്ങകലെ തലയുയർത്തി നിൽക്കുന്നൊരു വിളക്കുകാൽ അപ്പോഴാണവളുടെ ശ്രദ്ധയിൽ പെട്ടത്. എന്തോ തീരുമാനിച്ചുറച്ചതുപോലെ അവൾ അങ്ങോട്ടു നടന്നു. വിളക്കുകാലിനു മുകളിൽ കയറിപ്പറ്റി. വിളക്കുകാലിന്റെ നെറുകയിൽ നിന്ന്, മെല്ലിച്ച കൈകൾ ആകാശത്തേക്കുയർത്തി അവൾ അപേക്ഷിച്ചു.

"അമ്മേ... എനിക്കെല്ലാം മനസ്സിലായി. ഈ ഏകാന്തത എനിക്കു സഹിക്കാൻ വയ്യ... എനിക്ക് ഉരുകിത്തീരണം... അമ്മേ ഇതു കേൾക്കൂ..."

പക്ഷേ, ശക്തമായ ഒരു കാറ്റിൽ പെട്ട് പറന്നുപോയ അമ്മമേഘം, മകളുടെ അപേക്ഷ കേട്ടില്ല.

അമ്മയിൽ നിന്നു മറുപടിയൊന്നും കേൾക്കാതെ നിരാശയായ തൂമഞ്ഞ് താഴെ ഇറങ്ങി. വീണ്ടും ലക്ഷ്യമില്ലാതെ അലയാൻ തുടങ്ങി. നടന്നു നടന്ന് അവളെത്തിയത് ഒരു പൂന്തോട്ടത്തിലായിരുന്നു. വെയിലേറ്റ് വാടാൻ തുടങ്ങിയ ഒരു പനിനീർച്ചെടിയുടെ ചുവട്ടിൽ അവൾ തളർന്നിരുന്നു. തൂമഞ്ഞിന് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. അവൾ പൊട്ടിക്കരയാൻ തുടങ്ങി. കണ്ണുനീർ ധാരധാരയായൊഴുകി. പെട്ടെന്നാണ് അവൾക്കത് മനസ്സിലായത്. താൻ ഉരുകാൻ തുടങ്ങുകയാണ്! ഇനി നീ ഒരിക്കലും കരയരുതെന്ന അമ്മയുടെ വാക്കുകൾ അവൾ ഓർത്തു.

"നന്ദി... ഞാൻ ദാഹിച്ചു മരിക്കാൻ തുടങ്ങുകയായിരുന്നു. നീയെന്നെ രക്ഷിച്ചു. നിനക്ക് നന്ദി."

മണ്ണിൽ അലിഞ്ഞുചേരുന്നതിനിടയിൽ തൂമഞ്ഞ് കണ്ടു, നിറഞ്ഞ പുഞ്ചിരിയോടെ പനിനീർച്ചെടി നന്ദി പറയുകയാണ്.



*ഏറ്റവും ദൈർഘ്യമേറിയ ഓട്ടമത്സരത്തിന്റെ പേര് അറിയാമോ? 'മാരത്തോൺ' എന്ന് കേട്ടിട്ടില്ലേ! അതു തന്നെ. 42.195 കിലോമീറ്റർ ദൂരമാണ് ഒരു മാരത്തോൺ മത്സരത്തിന്റെ ദൂരം.*

# വരേം കുറീം



കുട്ടകാർക്കുള്ള രചനാ
മത്സര പംക്തിയാണ് വരേം കുറീം.

രചനകൾ കിട്ടേണ്ട അവസാന
തിയ്യതി മാർച്ച് 15

# നമുക്കതെഴുതാം...

"ഞങ്ങളൊക്കെ പക്ഷിനിരീക്ഷകരാ..." കുട്ടി പറഞ്ഞു.

കാക്ക വലിയൊരു കമ്പ് കൊത്തിപ്പറക്കാൻ ശ്രമിക്കുന്നതിനിടയിൽ, അതവിടത്തെന്നെ ഇട്ട് കുട്ടിയെ നോക്കി.

"നിങ്ങളെയൊക്കെ നിരീക്ഷിക്കുക എന്നാൽ എന്തൊരു രസാ... സമയം പോവുന്നതറിയില്ല."



SATISH

കാക്കയ്ക്ക് ചിരി വന്നു. "നിങ്ങൾക്ക് പറന്നു വന്ന് ഞങ്ങളെ നിരീക്ഷിക്കാനാവില്ലല്ലോ."

"അയ്യേ... അതിന് ഞങ്ങൾക്കെവിടെയാ ചിറക്. പിന്നേ, പറക്കുകയൊന്നും വേണ്ടട്ടോ. നിങ്ങളെ നിരീക്ഷിക്കാൻ." കുട്ടി പറഞ്ഞു.

കാക്ക പോയപ്പോൾ ഒരു കാറ്റുവന്നു.

കാറ്റിൽ മാവിൻ കൊമ്പിൽ നിന്നും ഉണ്ണിമാങ്ങകൾ വീണു.

"വാടി വീണതാ." കുട്ടി മനസ്സിൽ പറഞ്ഞു.

അപ്പോഴതാ ഒരു പക്ഷി പാറി വന്ന് മാച്ചില്ലയിൽ ഇരുന്നു.

കുട്ടി പക്ഷിയെ നോക്കി. പക്ഷി കുട്ടിയെയും നോക്കി. എന്നിട്ട് അത് പാറി മുറ്റത്തേക്കിറങ്ങി.

പക്ഷിയെ നോക്കി കുട്ടി പാടി.

മറ്റുള്ള വന്നെന്റെ
കൊച്ചു പക്ഷി
ച്ചുറ്റും തിരയുന്നതെന്താണ്?

അപ്പോൾ പക്ഷി പറഞ്ഞു

\-----------------

\-----------------

\-----------------

ആ മൂന്നു വരികൾ നിങ്ങൾ തന്നെ കണ്ടെത്തൂ.

എന്നിട്ട് എഴുതി അയയ്ക്കൂ. മികച്ച പൂരണങ്ങൾ പ്രസിദ്ധീകരിക്കാം.

അയയ്ക്കേണ്ട വാട്സ് ആപ്പ് നമ്പർ ഇതാ 9497172919.


# കിലുക്കം

**സജീവൻ കല്ലാച്ചി**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക



പച്ചിലതോറും കന്നിവെയിലിൻ
പൊന്നിൻ തരികൾ തിളങ്ങുന്നു.
വാനിൽ മേഘം വെള്ളപ്പുകപോൽ
പൊങ്ങിപ്പൊങ്ങിപ്പോകുന്നു.
പുൽക്കൊടി തോറും പൂത്തിരിയായ്
പൂക്കൾ ചിരിക്കുന്നു.
നിറങ്ങളെല്ലാം നിറഞ്ഞുകത്തും
മഴവിൽച്ചാരുത നിറയുന്നു.
രാവിൽ മിന്നുമണിഞ്ഞു നിറഞ്ഞ്
നക്ഷത്രപ്പെണ്ണണയുന്നു.
പുഴയുടെ കുഞ്ഞോളങ്ങളിൽ സ്വപ്നം
കഥയുടെ ചെപ്പ് തുറക്കുന്നു.
കളിയും ചിരിയും പൂക്കുന്നു
കനിവിൽ മഞ്ഞു നിറയുന്നു.
അമ്മ ചുരത്തും വാത്സല്യപ്പാൽ
നാവിൽ മധുരിമയാകുന്നു.
ജീവിതമിന്നു കിലുങ്ങുന്നു.



*ഏറ്റവും വേഗതയേറിയ ഓട്ടക്കാരനെ നിശ്ചയിക്കുന്നത് ഏത് ഓട്ടത്തിലൂടെയാണ്? 100 മീറ്റർ ഓട്ടത്തിലൂടെ തന്നെ. 100, 200, 400, 800, 1500, 5000, 10,000 മീറ്റർ എന്നിങ്ങനെയാണ് ഓട്ടമത്സരങ്ങൾ ഉള്ളത്.*



**പ്രേമജ ഹരീന്ദ്രൻ**

5

ചിത്രീകരണം: റോഷൻ

# ഭൂമിയിലെ നക്ഷത്രങ്ങൾ

കുട്ടികളേ, എല്ലാവരും കുളിച്ചു മാറാനുള്ള വസ്ത്രവും തോർത്തും കൊണ്ടുവന്നിട്ടുണ്ടല്ലോ? നിലമൊരുക്കുന്നതും ഞാറു നടുന്നതും കണ്ടു കഴിഞ്ഞാലാണ് തോട്ടിലെ കുളി.

സുപ്പുവിന് നീന്തലറിയില്ല. അപ്പുറത്തെ വീട്ടിൽ സതീശേട്ടൻ കുളത്തിൽ കുളിക്കാൻ പോവുമ്പോൾ സുപ്പു എന്നും ഉമ്മയോട്, ഏട്ടന്റെ കൂടെ പോയ്ക്കോട്ടെ എന്ന് ചോദിക്കാറുണ്ട്. പക്ഷേ, ഉമ്മയ്ക്ക് പേടിയാണ് സുപ്പുവിനെ അയയ്ക്കാൻ.



"ടീച്ചർ പറഞ്ഞത് അനുസരിക്കണം. വരിവരിയായിത്തന്നെ നടക്കണം കേട്ടോ എല്ലാരും."

സുപ്പുവാണ് ആദ്യം തലയാട്ടിയത്.

അപ്പോഴേക്കും വിലാസിനിട്ടീച്ചർ ബാഗുമെടുത്ത് തിരിച്ചെത്തി.

"കുട്ടികളെ പോകാം അല്ലേ?"

"ശരി സീച്ചറേ..." സുപ്പുവാണ് ഏറ്റവും ഉറക്കെ പറഞ്ഞത്. അപ്പോഴാണ് വിലാസിനിട്ടീച്ചർ മുൻവരിയിൽത്തന്നെ നിൽക്കുന്ന സുപ്പുവിനെ കണ്ടത്.

# എവിടെ നിന്നെന്ന് പറയാമോ?



പറയാമോ,
പറയാമോ?

**'ഞാൻ ആരേല്ലാം പേടിക്കണം? ഉമ്മാന പേടിക്കണം, നാത്തൂന്മാരേം എന്റനുശത്തീനേം പേടിക്കണം. കൊച്ചിക്കാന പേടിക്കണം. ഹനീഫാന പേടിക്കണം. അബ്വൂന പേടിക്കണം. എന്റെ കെട്ടിയോന പേടിക്കണം. ഇപ്പം സുലൈമാനേം പേടിക്കണം.'**

പ്രശസ്തമായ ഒരു പുസ്തകത്തിൽ നിന്നാണ് മുകളിൽ കൊടുത്ത ഭാഗം. പുസ്തകമേതെന്നും എഴുതിയത് ആരെന്നും പറയാമോ?

നിങ്ങളുടെ ഉത്തരം വാട്സ് ആപ്പിൽ അയയ്ക്കൂ. പേര്, സ്കൂൾ വിലാസം, ഫോൺ നമ്പർ എന്നിവ ഉത്തരത്തോടൊപ്പം മെസേജിൽ ഉൾപ്പെടുത്തണം. മാർച്ച് 10 ന മുമ്പായി ഉത്തരം ലഭിക്കണം.

ശരിയുത്തരമയക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ രണ്ട് പേർക്ക് സമ്മാനം.



**വാട്സ് ആപ്പ് നമ്പർ : 9497172919**

---

"നീയോ! നീ വരുന്നുണ്ടോ? വേണ്ട വേണ്ട. ലൈല ടീച്ചറേയ്, ഇന്നത്തേക്ക് ഇവനെ നിങ്ങളുടെ ക്ലാസ്സിലിരുത്തിക്കോളൂ, ട്ടാ."

"തത്തക്കണ പിത്തക്കണ കാലും കൊണ്ട് നടക്കുന്ന ഇവനേം കൊണ്ട് പോയാൽ വല്ല ചെളിക്കുണ്ടിലും ഉരുണ്ടുകെട്ടി വീഴും. എനിക്ക് പണിയാവും. പോരാഞ്ഞിട്ട് എപ്പഴാ മറ്റുള്ള കുട്ടികളെ ഉപദ്രവിക്കാൻ തോന്നുന്നത് എന്നുമറീലല്ലോ. അവിടെപ്പോയി നാട്ടുകാരുടെ മുന്നിൽ വെച്ച് അടി പിടിച്ചുവെക്കാൻ എനിക്ക് വയ്യേ. നാണക്കേടാ."

സുപ്പുവിന് ശരീരം തളരുന്നതുപോലെ തോന്നി. തന്നെ കൂട്ടാതെ ടീച്ചർ പോയ്ക്കളയുമോ?

"സീച്ചറേ, ഞാനും വരുന്നു, എന്നേം കൊണ്ടുപോണേ, ഞാൻ ഒരു കുരുത്തക്കേടും കളിക്കൂല. നല്ല കുത്തിയായി നിന്നോളാം." അവൻ കരയുന്നതുപോലെയാണ് പറഞ്ഞത്.

"വേണ്ട വേണ്ട, നീയിവിടെ സ്കൂളിൽ നിന്നാൽ മതി. നിന്നെ നോക്കാൻ തന്നെ രണ്ടാള് വേറെ വേണം. പോ പോ. പോയി നാലാം ക്ലാസ്സിലിരിക്ക്."

സുപ്പുവിന് കരച്ചിലടക്കാൻ കഴിഞ്ഞില്ല. ഇന്നലെ രാത്രി മുഴുവൻ ഉറങ്ങാതെ ഉമ്മയോട് വിശേഷം പറഞ്ഞതാണ്. ഇന്ന് പാടത്ത് പോയാൽ ചെയ്യാൻ പോവുന്ന കാര്യങ്ങൾ. എത്ര ആശിച്ചതാണ്! എന്നിട്ടിപ്പോ...

അവൻ വീണ്ടും ടീച്ചറുടെ അടുത്ത് ചെന്ന് പറഞ്ഞു:

"സീച്ചറേ, എന്നേം കൂത്ത് സീച്ചറേ. എനിക്കും തോത്തിൽ കുളിക്കണം. ഞാറ് നടുന്നത് കാണണം."

ടീച്ചർ കുട്ടികളെയും കൂട്ടി നടന്നു കഴിഞ്ഞു.

"സുപ്പുവിന്റെ കാല് ശരിയാവട്ടെ ട്ടാ, അപ്പോ കൊണ്ടുപോവാം. പിന്നെ ആളുകളുടെ മുന്നിൽ വെച്ച് നിനക്ക് മറ്റു കുട്ടികളോട് അടികൂടണമെന്ന് തോന്നിയാൽ ടീച്ചർക്ക് ബുദ്ധിമുട്ടാവില്ലേ. അതുകൊണ്ട് സുപ്പു എന്റെ കൂടെ വാ. നാലാം ക്ലാസ്സിലിരിക്കാം, ട്ടാ." ലൈലട്ടീച്ചർ സുപ്പുവിനെ വിളിച്ചു.

എല്ലാരും വരിവരിയായി നടന്നു നീങ്ങുന്നത് സുപ്പു നോക്കി നിന്നു. നിറഞ്ഞൊഴുകുന്ന കണ്ണുകൾ തുടയ്ക്കാതെ അവിടെത്തന്നെ അവൻ നിന്നുപോയി.

*(തുടരും)*


പീക്കിരി


# രണ്ടു ഡൈനോസർ കുട്ടികൾ


സൈജ എസ്

ചിത്രീകരണം: കെ.സതീഷ്





വാലും തലയും ആട്ടി സദാ ഓടിക്കളിക്കുകയാണ്
കുട്ടികളുടെ പ്രധാന കളി.


സ്കൂളിൽ പോയാൽ
മറ്റു ഡൈനോസർ കുട്ടികളുടെ
സ്ലേറ്റ് പൊട്ടിക്കുക,
വീട്ടിലെ
മൊബൈൽ
ആരും
കാണാതെ
കുട്ടികൾക്ക്
കൊണ്ടു
ക്കൊടുക്കുക.
ഹോ... ഹോ...
പറയേണ്ട ഒന്നും.


ഒരു ദിവസം എവിടുന്നോ ഒരു ഡൈനോസർമുട്ട ബാഗിലിട്ട് കൊണ്ടുവന്ന് സ്കൂളിലെ പൂന്തോട്ടത്തിൽ കുഴിച്ചിട്ടു.
ഡൈനോസർ മരം ഉണ്ടാകാനാണത്രേ?


ഇപ്പോൾ
താമസിക്കുന്ന
വീട് ഒഴിവാക്കി
എല്ലാവർക്കും
മരത്തിൽ
കഴിയാം –
ഡൈനോസർ
കുട്ടികൾ വിളിച്ചു
പറഞ്ഞു.
രണ്ടിനും നല്ല അടികിട്ടി. വീട്ടിലെത്തിയപ്പോഴും കിട്ടി നല്ല ചുട്ട അടി. കരഞ്ഞ് ടി.വി. കാണാനിരിക്കുമ്പോഴാണ് അമ്മ പറഞ്ഞത്. ആരാണെന്നാ നിങ്ങളുടെ ഭാവം... ഡൈനോസർ കുഞ്ഞുങ്ങളാണെന്നാ വിചാരം. അടങ്ങി ഒതുങ്ങി ഇവിടെ കിടന്നോണം.


അപ്പോൾ അവർ
ചോദിച്ചു.
അല്ല, ഞങ്ങൾ
ഡൈനോസർ
കുട്ടികളല്ലേ...?
അമ്മേ...
ഞങ്ങള് പിന്നെ ആരാ?


അമ്മ വടിയുമായി
ചാടിവീണു. മിണ്ടാ
തിരുന്നോണം.
ഡൈനോസർ
കുട്ടികൾ!!
നിങ്ങൾ പല്ലികളല്ലേ...
ചീ ചീ ന്ന് കരയുന്ന
പല്ലികൾ.
ഭിത്തിപ്പല്ലികൾ.


ഡൈനോസർ കുട്ടികൾക്കു സങ്കടം വന്നു. അമ്മയല്ലേ ചോറു വാരിത്ത
രുമ്പോൾ ഞങ്ങൾ ഡൈനോസർ കുട്ടികളാണെന്ന് പറയാറ്.
അമ്മയല്ലേ ഞങ്ങളെ ഡൈനോസർ സ്കൂളിൽ ചേർത്തത്. അമ്മയല്ലേ
ഞങ്ങൾക്ക് ഡൈനോസർ കാർട്ടൂൺ കാണിച്ചുതന്ന് നമ്മുടെ ബന്ധു
ക്കളെന്ന് പറഞ്ഞുതന്നത്.


മിണ്ടിപ്പോവരുത്.
അമ്മ ഒച്ചയിട്ടു,
കണ്ണുരുട്ടി.
ഡൈനോസർ
കുട്ടികളും കണ്ണുരുട്ടി.
മിണ്ടും. അവർ
സങ്കടത്താൽ പറഞ്ഞു.
ചിരിപൊട്ടിയെങ്കിലും
അമ്മ അത് പുറത്തുകാണിച്ചതേയില്ല.

# യു-മെയിൽ



**കത്തുകൾ അയയ്ക്കേണ്ട വിലാസം :**
യു-മെയിൽ, യുറീക്ക,
ചാലപ്പുറം,
കോഴിക്കോട്- 673002
വാട്ട്സ് ആപ് :
**9497172919.**

പണ്ട് യുറീക്ക അറിയാത്തവർ പോലും ഇന്ന് യുറീക്കയുടെ ചങ്ങാതിമാരാണ്. യുറീക്കയിലെ പല കാര്യങ്ങളും ഞങ്ങളുടെ ചർച്ചാവിഷയമാണ്. ഇ.ജിനൻമാഷ് രചിച്ച 'യുറീക്ക@50' എന്ന പാട്ട് ഞങ്ങളെല്ലാവരും ഒത്തുപാടി.

യുറീക്ക എത്ര പെട്ടെന്ന് വളർന്നുവന്നു? ഞങ്ങൾക്ക് എത്രയെത്ര കാര്യങ്ങൾ പറഞ്ഞുതന്നു? ഞാനും എന്റെ കൂട്ടുകാരുമിപ്പോൾ യുറീക്കയെ കാത്തിരിക്കുകയാണ്. യുറീക്ക തരുന്ന അറിവുകളെ കാത്ത് കാത്ത്...

**ഏദ്യ കെ,** 6 ബി, എ.യു.പി.എസ്. ഏറ്റുകുടുക്ക. 670 521

## തളിരിട്ട കറിവേപ്പ്

2020 ജനുവരി 11 ശനി- ഇന്ന് മേഖലാതല യുറീക്കോത്സവമായിരുന്നു. സ്കൂളിൽനിന്ന് ഞാനും എന്റെ കൂട്ടുകാരി ദിയയും പങ്കെടുത്തു. ഞങ്ങൾ രാവിലെത്തന്നെ പരിപാടി നടക്കുന്ന സ്കൂളിലെത്തി.

ഉദ്ഘാടന ചടങ്ങിനുശേഷം വിവിധ പരീക്ഷണ പ്രവർത്തനങ്ങളായിരുന്നു. പ്രവർത്തനങ്ങൾ കാണിച്ചുതന്ന ശേഷം കുറിപ്പെഴുതാൻ ഞങ്ങളോടാവശ്യപ്പെട്ടു. ഊഹിച്ചെഴുതൽ, വരികൾ കൂട്ടിച്ചേർക്കൽ, ഭക്ഷണവുമായി ബന്ധപ്പെട്ട ക്വിസ്, ചിത്രം വരച്ച് വിവരണം എഴുതൽ തുടങ്ങി വൈകുന്നേരം വരെയുള്ള പ്രവർത്തനങ്ങൾ ഞങ്ങൾ ആസ്വദിച്ചു.



പരിപാടിയുടെ അവസാനം മികച്ച അഞ്ച് കുട്ടികളെ തിരഞ്ഞെടുത്ത അറിയിപ്പ് വന്നപ്പോൾ എനിക്കും ദിയയ്ക്കും ഒന്നാംസ്ഥാനം. സമാപന സമ്മേളനത്തിൽവച്ച് സർട്ടിഫിക്കറ്റും കറിവേപ്പിലത്തൈയും കിട്ടിയപ്പോൾ വളരെ സന്തോഷം തോന്നി.

കറിവേപ്പിലത്തൈ കഴിച്ചിട്ട് വളർന്ന് വലുതാകുന്നതും വെള്ളമൊഴിക്കുന്നതും, ബസ്സിലിരുന്ന് ഉറങ്ങിയപ്പോൾ കണ്ട സ്വപ്നമാണെന്ന് അമ്മ വിളിച്ചപ്പോഴാണ് മനസ്സിലായത്.

**വൈഗ പി,** 4 ാം തരം, കരിയോട് എൽ.പി.സ്കൂൾ, 679338

## നിന്റെയൊരു മറവി!

2020 ജനുവരി 16 ലക്കത്തിൽ 'നമ്മുടെ ഗാന്ധി' എന്ന മത്സരത്തിൽ വാട്സ് ആപ് നമ്പർ എഴുതാൻ എന്തേ വിട്ടുപോയത്. ഞാൻ എത്ര ബുദ്ധിമുട്ടിയാണ് നിന്റെ വാട്സ് ആപ് കണ്ടുപിടിച്ചത്. ഇനി നീ ശ്രദ്ധിക്കണേ.

**ഭദ്ര ജയ്ശങ്കർ,** 6 ബി, സെന്റ് തെരേസ് എച്ച്.എസ്.എസ്. ഷൊർണൂർ, പാലക്കാട്.

*(ശ്രദ്ധിക്കാം ട്ടോ. അല്ല, അതേ ലക്കത്തിന്റെ പദപ്രശ്ന പേജിൽ യുറീക്കയുടെ വാട്സ് ആപ് നമ്പർ ഉണ്ടായിരുന്നല്ലോ ഭദ്രേ. ഇനി ഏതായാലും പുതിയ നമ്പറാണ് എല്ലാ മത്സരഇനങ്ങൾക്കും. മറക്കണ്ട, സേവ് ചെയ്ത് വെച്ചോളൂ 9497172919)*

## കാത്തിരിപ്പ്

പ്രളയ ദുരന്തങ്ങൾക്കിടയിലും ലളിതമായ രീതിയിൽ ഞങ്ങളുടെ സ്കൂളിലും ഈ വർഷത്തെ വിജ്ഞാനോത്സവം നടന്നു. യുറീക്ക പകർന്നുതന്ന അറിവുകൾ എന്റെ എല്ലാ കൂട്ടുകാർക്കും ലഭിച്ചതിൽ ഞാൻ നല്ല സന്തോഷത്തിലാണ്.

e-mail: priyappettaeureke@gmail.com

Volume 41 No. 19 Eureka 2020 March 1, 44 Pages
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sasthra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.



*നാഗമല്ലി/പുഴക്കൊല്ലി*
*(Rhinacanthus nasutus)*



# അപാരതയും ജീവനും

ആകാശം വിളിക്കുന്നു
നീ വരൂ വരൂ നിന്റെ
ലോലമാം ദലങ്ങളെ
ചിറകായ് വിടർത്തുക

ആ വിളികേൾക്കെ പൂവി–
ന്നുള്ളിലുണ്ടായി മോഹം
പാറുവാൻ അനന്തമാം
ആകാശ മാർഗങ്ങളിൽ

ആകുമോ ജീവന്നു താൻ
വിടർന്ന പ്രകൃതിയെ
ഭൂമിയെ വെടിഞ്ഞെങ്ങോ
പറന്നുപോയീടുവാൻ?

ഭാവനാദലങ്ങളേ
വിടർന്നു ചിറകായി
മാറുക, ചിദാകാശ
വീഥിയിൽ പറക്കുക.

---

ചിത്രവും കവിതയും : വിശ്വൻ – 9207008943







Date of Publication : 25/2/2020 **EUREKA** Price : ₹ 17.00
ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20
License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20
Registered with the Newspaper Registrar of India under No:29524/78

